# സാമൂഹ്യശാസ്ത്രം I

## Resource Team

1. **T. Krishnan,** GHSS Madikai
2. **Pavithran. T.,** MPSGVHSS Bellikoth
3. **Jyothikumari. A.,**GVHSS Karadka
4. **Gopalakrishnan.P.,** GHS Kalichanadukam
5. **Manoj K. Mathew,** GHSS Kakkat

# മുഖവുര

സാമൂഹ്യശാസ്ത്രം I, സാമൂഹ്യശാസ്ത്രം II എന്നീ പുസ്തകങ്ങളെ അടിസ്ഥാനമാക്കി ചോദ്യഘടനയിൽ വന്ന മാറ്റങ്ങൾ, ഉള്ളടക്കത്തെ അടിസ്ഥാനമാക്കിയുള്ള ചോദ്യരൂപങ്ങൾ എന്നിവ കുട്ടികളെ പരിചയപ്പെടുത്തുകയും പഠനത്തിൽ പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികളിൽ പോലും ലളിതമായി ആശയങ്ങൾ എത്തിക്കാനും സഹായകമാകുന്ന രീതിയിലാണ് ഈ പുസ്തകത്തിലെ ചോദ്യങ്ങൾ ക്രമീകരിച്ചിട്ടുള്ളത്. ക്ലാസ്റൂം പ്രവർത്തനങ്ങളിലൂടെ നേടിയ ആശയങ്ങളും ശേഷികളും ആത്യന്തിക മൂല്യനിർണ്ണയത്തിൽ പ്രകടിപ്പിക്കാൻ ആവശ്യമായ ആത്മവിശ്വാസം കുട്ടികൾക്ക് നേടാൻ ഇത് പ്രയോജനപ്പെടുത്തുമെന്ന് പ്രതീക്ഷിക്കുന്നു.

## ഉള്ളടക്കം

1) ആധുനിക ലോകത്തിന്റെ ഉദയം

2) വിപ്ലവങ്ങളുടെ കാലം

3) സാമ്രാജ്യത്വത്തിന്റെ വളർച്ച

4) ലോകയുദ്ധവും തുടർച്ചയും

5) രണ്ടാം ലോകയുദ്ധവും സാമ്രാജ്യത്വത്തിന്റെ തകർച്ചയും

6) പത്തൊൻപതും ഇരുപതും നൂറ്റാണ്ടുകളിലെ ധൈഷണിക പ്രവണതകൾ

7) ഇന്നത്തെ ഇന്ത്യ

8) കേരളപ്പുതുമ

9) ദേശീയോദ്ഗ്രഥനം

10) ജനാധിപത്യം

11) മനുഷ്യാവകാശങ്ങൾ

12) സമാധാനവും സുരക്ഷിതത്ത്വവും അന്തർദേശിയ സംഘടനാകളിലൂടെ

## അധ്യായം 1

# ആധുനിക ലോകത്തിന്റെ ഉദയം

മധ്യകാലലോകം ആധുനികതയിലേക്ക് പ്രവേശിച്ചതിനെക്കുറിച്ച് യുക്തിസഹമായ ധാരണ നേടാനും, നവോത്ഥാനം മുതൽ ജ്ഞാനോദയം വരെയുള്ള മുന്നേറ്റം ഏതെല്ലാം ഘട്ടങ്ങളിലൂടെ ഉണ്ടായി എന്നും വ്യക്തമാക്കുന്നതാണ് പാഠഭാഗം. നവോത്ഥാനം ഉണ്ടായത് യൂറോപ്പിലായിരുന്നുവെങ്കിലും അതിന് പശ്ചാത്തലമൊരുക്കിയത് ഇന്ത്യ, ചൈന തുടങ്ങിയ പൗരസ്ത്യരാജ്യങ്ങൾ നേരത്തെ കൈവരിച്ച ബൗദ്ധിക മുന്നേറ്റത്തിൽ നിന്നായിരുന്നു എന്ന ധാരണയും ഉണ്ടാവേണ്ടതുണ്ട്.

**പാഠഭാഗം ചുരുക്കത്തിൽ**

- സാമ്പത്തിക സാംസ്കാരികകേന്ദ്രം ഇന്ത്യാസമുദ്രമേഖലയിൽ നിന്ന് മെഡിറ്ററേനിയൻ മേഖലയിലേക്ക് മാറുന്നു.
- നവോത്ഥാനം
- മതനവീകരണം പ്രതിമതനവീകരണം
- ഭൂമിശാസ്ത്രപരമായ കണ്ടുപിടിത്തങ്ങൾ
- ശാസ്ത്രപുരോഗതി
- ജ്ഞാനോദയം

---

1. ആധുനിക യുഗത്തിന്റെ വെള്ളിനക്ഷത്രം പടിഞ്ഞാറുദിക്കാൻ ഇടയായതെങ്ങനെ?

**OR**

ഇറ്റാലിയൻ നഗരങ്ങൾ പാശ്ചാത്യ പൗരസ്ത്യ വിജ്ഞാനങ്ങളുടെ സംഗമഭൂമിയായി മാറിയതെങ്ങനെ?

**OR**

നവോത്ഥാനം ഇറ്റലിയിൽ ആരംഭിക്കാനിടയായ സാഹചര്യങ്ങൾ എന്തൊക്കെ?

**OR**

മധ്യധരണ്യാഴിയുടെ ആധിപത്യം ഇറ്റലിക്ക് ലഭിക്കാനിടയായ സാഹചര്യങ്ങൾ എന്തെല്ലാം?

**ഉത്തരസൂചിക**

- മധ്യധരണാഴിയിലെ മദ്ധ്യത്തിലുള്ള ദ്വീപാണ് ഇറ്റലി.
- സമുദ്രയാത്രയ്ക്ക് അനുയോജ്യം
- പ്രാചീന റോമാ സാമ്രാജ്യത്തിന്റെ ആസ്ഥാനം
- ഇറ്റലിയിൽ സമ്പന്നരായ മധ്യവർഗ്ഗത്തിന്റെ ഉദയം
- സമ്പന്നരായ കച്ചവടക്കാർ കിഴക്ക് നിന്നും പടിഞ്ഞാറ് നിന്നും കലാകാരന്മാരെയും ശില്പികളെയും ഇറ്റലിയിൽ കൊണ്ട് വന്നു.
- രാജഭരണത്തിൽ നിന്നും വ്യത്യസ്ഥമായ നഗരഭരണം
- പ്രാചീന കയ്യെഴുത്ത് പ്രതികൾ ഇറ്റലിയിലേക്ക് തർജ്ജമ ചെയ്യപ്പെട്ടു.

ഏതെങ്കിലും 4 എണ്ണം – സ്കോർ 4)

2. നവോത്ഥാനം എന്നാലെന്ത്? നവോത്ഥാനം മുന്നോട്ടുവെച്ച ആശയങ്ങൾ എന്തെല്ലാം?
14, 15 നൂറ്റാണ്ടുകളിൽ ഇറ്റലിയൻ നഗരത്തിലും തുടർന്ന് ഇതര യൂറോപ്യൻ രാജ്യങ്ങളിലുണ്ടായ പുത്തൻ ഉണർവ്വ്.

*നവോത്ഥാന ആശയങ്ങൾ*

- അന്വേഷണ കൗതുകം
- വിമർശനബുദ്ധി
- യുക്തിചിന്ത
- മാനവികത

(സ്കോർ 4)

3. മതനവീകരണം പ്രതിനവീകരണം ഇവ തമ്മിലുള്ള വ്യത്യാസങ്ങൾ പട്ടികപ്പെടുത്തുക.

| മതനവീകരണം | പ്രതിനവീകരണം |
|---|---|
| ▫ സഭയിലെ അഴിമതി ചോദ്യം ചെയ്തു | ▫ സഭയ്ക്ക് എതിരായ വിമർശനങ്ങളെ ദൈവനിന്ദ എന്ന കുറ്റം ചുമത്തി ശിക്ഷിച്ചു. |
| ▫ മതനിന്ദയിൽ ഏർപ്പെട്ടവരുടെ എണ്ണം വർദ്ധിച്ചു | ▫ സഭയ്ക്ക് എതിരായ പുസ്തകങ്ങൾ നിരോധിച്ചു. |
| ▫ വേദപുസ്തകങ്ങൾ സാധാരണ-ക്കാർക്കും ലഭ്യമായി | ▫ ഇശോ സഭ മതപ്രചാരണത്തിന് നേതൃത്വം നൽകി. |
| ▫ പാപമുക്തി പത്രവില്പന എതിർത്തു. | |

(2 വീതം സവിശേഷതകൾ) (സ്കോർ 4)

4. നവോത്ഥാന കാലഘട്ടം ഫ്യൂഡൽ കാലഘട്ടം എന്നിവയിൽ സാഹിത്യം, കല എന്നിവയിൽ ഉണ്ടായ മാറ്റങ്ങൾ എന്തെല്ലാം? (സ്കോർ 3)

| ഫ്യൂഡൽ കാലഘട്ടം | നവോത്ഥാന കാലഘട്ടം |
|---|---|
| ▫ കഥാപാത്രങ്ങൾ ദൈവങ്ങൾ, പുണ്യാളന്മാർ, മാലാഖമാർ, പ്രഭുക്കന്മാർ | ▫ സാധാരണ മനുഷ്യർ, ▫ സാധാരണക്കാരുടെ ജീവിതങ്ങൾ |
| ▫ സ്വർഗ്ഗ നരകങ്ങൾ സംബന്ധിച്ച വിശ്വാസങ്ങൾ | ▫ മനുഷ്യസംബന്ധിയായ ഗ്രന്ഥങ്ങൾ |
| ▫ ലത്തീൻ ഭാഷയിൽ ആശയവിനിമയം | ▫ പ്രാദേശിക ഭാഷ |

5. നവോത്ഥാന കാലഘട്ടത്തിലെ സാഹിത്യകാരന്മാരും അവരുടെ കൃതികളും പട്ടികപ്പെടുത്തുക. (ആശയങ്ങൾ)

| സാഹിത്യകാരന്മാർ/കലാകാരന്മാർ | കൃതികൾ/ആശയങ്ങൾ |
|---|---|
| ▫ പെട്രാർക്ക് | മാനവികതാവാദം |
| ▫ ബൊക്കാച്ചിയോ | ദക്കാമറൺ |
| ▫ ഡാവിഞ്ചി | മൊണാലിസ, അവസാനത്തെ അത്താഴം |
| ▫ സെർവാന്തെ | ഡോൺകിഹോട്ടോ |
| ▫ ഇറാസ്മസ് | വിഡ്ഢിത്തത്തെ വാഴ്ത്തൽ |
| ▫ ജെഫ്രിചോസർ | കാന്റർബറി കഥകൾ |
| ▫ മാക്ക്യവല്ലി | രാജാവ്, ദിപ്രിൻസ് |
| ▫ തോമസ്മൂർ | ഉട്ടോപ്യ |
| ▫ ജോൺ മിൽട്ടൺ | നഷ്ടസ്വർഗ്ഗം |

(സ്കോർ 5 എണ്ണം 5 മാർക്ക്)

6. ഭൂമിശാസ്ത്രകണ്ടുപിടിത്തത്തിലേക്ക് നയിച്ച സാഹചര്യങ്ങൾ ഏവ?

- സഞ്ചാര പഥങ്ങളുടെ പ്രചാരം
- സുഗന്ധദ്രവ്യങ്ങളുടെ വർദ്ധിച്ച ആവശ്യം
- തുർക്കികൾ കോൺസ്റ്റാന്റിനോപ്പിൾ പിടിച്ചടക്കിയത്.
- വലിയ കപ്പലുകൾ കണ്ടുപിടിച്ചത്
- സുപ്രതീക്ഷ, മുനമ്പിന്റെ കണ്ടുപിടിത്തം
- ആസ്ട്രോലാബ്, വടക്ക്നോക്കിയന്ത്രം ഇവയുടെ കണ്ടുപിടിത്തം

(സ്കോർ 3)

7. ഭൂമിശാസ്ത്രപരമായ കണ്ടുപിടിത്തങ്ങളുടെ അനന്തഫലങ്ങൾ എന്തെല്ലാം?

- പുതിയ ഭൂഖണ്ഡങ്ങളെയും സമുദ്രപഥങ്ങളുടെയും കണ്ടുപിടിത്തം
- വ്യാചാരകുത്തക അറബികളിൽ നിന്ന് യൂറോപ്യന്മാർ കയ്യടക്കി
- യൂറോപ്യൻ കൃഷിരീതി ലോകത്ത് വ്യാപിച്ചു
- വെട്ടിപ്പിടുത്തം, കുടിയേറ്റം
- അടിമക്കച്ചവടം
- പകർച്ചവ്യാധികൾ വ്യാപകമായി
- കൊളോണിയൽ രാജ്യങ്ങളുടെ ഉദയം, സാമ്രാജ്യത്വവ്യാപനം
- ക്രിസ്തുമതത്തിന്റെ വ്യാപനം
- ബാങ്കിംഗ് സമ്പ്രദായം നിലവിൽ വന്നു.

(സ്കോർ 5)

8. നവോത്ഥാന ചിന്തകൾ പുതിയ കണ്ടുപിടിത്തങ്ങൾക്ക് കാരണമായി. നവോത്ഥാന നായകന്മാരുടെ സംഭാവനകൾ പട്ടികപ്പെടുത്തുക.

| നായകന്മാർ/ശാസ്ത്രജ്ഞന്മാർ | കണ്ടുപിടിത്തങ്ങൾ, സംഭാവനകൾ |
|---|---|
| a. റൂസോ | a. സോഷ്യൽ കോൺട്രാക്ട് (സാമൂഹ്യ ഉടമ്പടി) |
| b. ലിയോനാർഡോ ഡാവിഞ്ചി | b. ____________ |
| c. ഗലീലിയോ ഗലീലി | c. ____________ |
| d. കോപ്പർ നിക്കസ് | d. ____________ |
| e. ഐസക് ന്യൂട്ടൻ | e. ____________ |
| f. കാൾലീനിയസ് | f. ____________ |
| g. ദിദറോ | g. എൻസൈക്ലോപീഡിയ |

(സ്കോർ 5)

**ഉത്തരസൂചിക**

b. ശരീരശാസ്ത്രം, രക്തചംക്രമണം, ആകാശപറക്കൽ

c. ദൂരദർശിനി,

d. സൗരയൂഥ സിദ്ധാന്തം

e. ആകർഷണ സിദ്ധാന്തം, ചലന നിയമം

f. ജീവികളുടെ വർഗ്ഗീകരണം, ജന്തുശാസ്ത്രം, വൈദ്യശാസ്ത്രം

9. ഗ്രെക്കോ റോമൻ കാലത്തും ഫ്യൂഡൽ കാലഘട്ടത്തിലും മധ്യധാരണ്യാഴി പ്രദേശത്ത് ഉല്പന്നങ്ങൾ എത്തിച്ചിരുന്ന രണ്ട് വാണിജ്യപഥങ്ങൾ ഏവ?

- പട്ടുതുണിപ്പാത
- സമുദ്രപഥം

10. ഭൂമിശാസ്ത്ര കണ്ടുപിടിത്തങ്ങൾക്ക് നേതൃത്വം നൽകിയ നാവികർ രാജ്യം, വർഷം, കണ്ടെത്തിയ പ്രദേശം ഇവ പട്ടികപ്പെടുത്തുക.

| **നാവികർ** | **രാജ്യം** | **വർഷം** | **കണ്ടെത്തിയ രാജ്യം/സ്ഥലം** |
|---|---|---|---|
| ബർത്തിലോ, മിയോഡയസ് | പോർച്ചുഗൽ | 1488 | സുപ്രതീക്ഷാ മുനമ്പ് (ആഫ്രിക്ക) |
| ക്രിസ്റ്റഫർ കൊളംബസ് | സ്പെയിൻ | 1492 | അമേരിക്ക |
| വാസ്കോഡഗാമ | പോർച്ചുഗൽ | 1498 | ഇന്ത്യയിലേക്കുള്ള സമുദ്രമാർഗ്ഗം |

11. യൂറോപ്പിലെ മതനവീകരണ പ്രസ്ഥാനങ്ങൾക്ക് നേതൃത്വം നൽകിയവരും രാജ്യവും പട്ടികപ്പെടുത്തുക.

| **വ്യക്തികൾ** | **രാജ്യം** |
|---|---|
| മാർട്ടിൻലൂഥർ | ജർമ്മനി |
| ജോൺകാൽവിൻ | ഫ്രാൻസ് |
| ഹെൻറി എട്ടാമൻ | ഇംഗ്ലണ്ട് |
| ഉൾറിക് സ്വിംഗ്ലി | സ്വിറ്റ്സർലാന്റ് |

(സ്കോർ 4)

***

## അധ്യായം 2

# വിപ്ലവങ്ങളുടെ കാലം

യൂറോപ്പിന്റെ രാഷ്ട്രീയ സാമ്പത്തിക സാമൂഹിക ഘടനകളെ മാറ്റിമറിച്ച വിവിധ വിപ്ലവങ്ങളും അവയുടെ സ്വാധീനവും ചർച്ചചെയ്യുന്നതാണ് പാഠഭാഗം. വ്യവസായവിപ്ലത്തിന്റെ സ്വാധീനവും അതിനുശേഷം നിലവിൽവന്ന സാമ്പത്തിക രാഷ്ട്രീയ സിദ്ധാന്തങ്ങൾ മുതലാളിത്തത്തെ ശക്തിപ്പെടുത്തിയതെങ്ങനെയെന്നും വ്യക്തമാക്കുന്നതും, മുതലാളിത്തത്തിന്റെ ചൂഷണം വിവിധ തരത്തിലുള്ള സോഷ്യലിസ്റ്റ് ആശയങ്ങളുടെ ആവിർഭാവത്തിന് കാരണമായി എന്നും ഈ പാഠഭാഗം വ്യക്തമാക്കുന്നു.

**പാഠഭാഗം ചുരുക്കത്തിൽ**

- ഇംഗ്ലണ്ടിലെ ആഭ്യന്തരസമരം
- ഫ്രഞ്ചുവിപ്ലവം - ദേശീയ അസംബ്ലി - നെപ്പോളിയൻ
- വ്യവസായവിപ്ലവം
- മുതലാളിത്ത സിദ്ധാന്തങ്ങളും സോഷ്യലിസത്തിന്റെ ആവിർഭാവവും
- കാർഷിക വിപ്ലവം

---

1. ഇംഗ്ലണ്ടിന്റെ പാർലമെന്റ് ചരിത്രത്തിൽ വളരെയേറെ പ്രാധാന്യമർഹിക്കുന്നവയാണ് ലോങ് പാർലമെന്റ്, റംപ് പാർലമെന്റ് എന്നിവ. ഇവ എന്താണെന്ന് വിശദമാക്കുക. (സ്കോർ 2)

**ഉത്തരസൂചിക**

- 1629-1640 വരെ നീണ്ടുനിന്ന പാർലമെന്റ്
- ചാൾസ് ഒന്നാമൻ പെറ്റീഷൻ ഓഫ് റൈറ്റ് ലംഘിച്ചുകൊണ്ട് 1629 നുശേഷം പാർലിമെന്റ് വിളിച്ചു ചേർത്തിരുന്നില്ല.

2. ഇംഗ്ലണ്ടിൽ 'പെറ്റീഷൻ ഓഫ് റൈറ്റ്'ൽ നിന്നും അവകാശനിയമത്തിലെത്തുമ്പോഴേക്കും രാജവാഴ്ച ഏതൊക്കെ ഘട്ടങ്ങളിലൂടെയാണ് കടന്നുപോയതെന്ന് വിശദമാക്കുക.

(സ്കോർ 6)

**OR**

രാജാവും പാർലിമെന്റും തമ്മിലുണ്ടായ ആഭ്യന്തര സമരം ഇംഗ്ലണ്ടിലെ രാഷ്ട്രീയ രംഗത്തുണ്ടായ മാറ്റങ്ങളെക്കുറിച്ച് വിശദീകരിക്കുക?

**ഉത്തരസൂചിക**

- 1628 പെറ്റീഷൻ ഓഫ് റൈറ്റ്
- 1629-1640 ലോങ് പാർലമെന്റ്

- റംപ് പാർലമെന്റ്
- 1649–1659 കോമൺവെൽത്ത്
- 1688 – രക്തരഹിത വിപ്ലവം
- 1689 – അവകാശ നിയമം

3. നെപ്പോളിയന്റെ ഭരണപരിഷ്ക്കാരങ്ങൾ ഫ്രാൻസിൽ ഫ്യൂഡൽ വ്യവസ്ഥയുടെ തകർച്ചയ്ക്ക് വഴിയൊരുക്കിയതെങ്ങനെ? (സ്കോർ 4)

**ഉത്തരസൂചിക**

- കർഷകരെ ഫ്യൂഡൽ പ്രഭുക്കന്മാരിൽ നിന്നും മോചിപ്പിച്ചു.
- റിപബ്ലിക്കൻ ഭരണ രീതിയിലേക്കുള്ള മാറ്റം
- മധ്യവർഗ്ഗത്തിന് സമൂഹത്തിൽ ഇടപെടാൻ അവസരം

4. മുതലാളിത്തത്തെ വ്യവസായ വിപ്ലവത്തിന്റെ സൃഷ്ടി എന്ന് വിശേഷിപ്പിക്കുന്നതെന്തുകൊണ്ട്? (സ്കോർ 3)

**ഉത്തരസൂചിക**

- വ്യാവസായിക വിപ്ലവം മുതലാളിത്തത്തിലെത്തിച്ചു.
- ഫ്യൂഡലിസം ഇല്ലാതായി
- വ്യവസായം, ഫാക്ടറി സമ്പ്രദായം നിലവിൽ വന്നു
- ഇവയെ നിയന്ത്രിച്ചവർ മുതലാളിമാർ, സമ്പ്രദായം മുതലാളിത്തം

5. ഇംഗ്ലണ്ടിലെ കോൺവെൽത്ത് കാലഘട്ടം രാജവാഴ്ചയിൽ നിന്നും എങ്ങിനെ വ്യത്യാസപ്പെട്ടിരിക്കുന്നു? (സ്കോർ 3)

- 1649–1658 കാലഘട്ടം
- ഒലിവൽ ക്രോംവെൽ തുടക്കം കുറിച്ചു
- രാജവാഴ്ചയില്ലാത്ത കാലഘട്ടം
- ഏകാധിപത്യത്തിന്റെ കാലഘട്ടം

6. യുട്ടോപ്യൻ സോഷ്യലിസവും ശാസ്ത്രീയ സോഷ്യലിസവും സോഷ്യലിസത്തിന്റെ വ്യത്യസ്ത ചിന്താധാരകളാണ്. ഇവ തമ്മിലുള്ള പ്രധാന വ്യത്യാസങ്ങളേവ? (സ്കോർ 2)

**ഉത്തരസൂചിക**

- ആശയവാദത്തിനപ്പുറം പ്രായോഗികതയില്ല
- സമൂഹം നിലനിൽക്കുന്നത് ഉല്പാദന രീതിയിലാണ്.

7. ഫ്രാൻസിൽ നിലനിന്നിരുന്ന സാമൂഹ്യ അസമത്വങ്ങൾക്കെതിരായിരുന്നു ഫ്രഞ്ച് വിപ്ലവം. ഈ പ്രസ്താവനയെ വിലയിരുത്തുക. (സ്കോർ 3)

**ഉത്തരസൂചിക**

- മൂന്ന് എസ്റ്റേറ്റുകളായി തിരിഞ്ഞിരുന്നു
- നികുതി ഭാരം
- ദാരിദ്ര്യം

8. ഫ്രഞ്ച് വിപ്ലവത്തിന്റെ അടിസ്ഥാന ആശയങ്ങളായ സമത്വം, സ്വാതന്ത്ര്യം, സാഹോദര്യം എന്നിവയുടെ നിരാകരണമായിരുന്നു 1815ലെ വിയന്ന സമ്മേളനം. എന്തുകൊണ്ട്?

(സ്കോർ 2)

**ഉത്തരസൂചിക**

- ദേശീയതയെയും ജനാധിപത്യ ആശയങ്ങളെയും നിരാകരിച്ചു
- സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം എന്ന ആശയങ്ങൾക്കെതിരായിരുന്നു ഇത്.

9. ശാസ്ത്രപുരോഗതി, വ്യവസായ വിപ്ലവത്തിലേക്കും കാർഷിക വിപ്ലവത്തിലേക്കും ഇത് സാമ്രാജ്യത്വത്തെ ത്വരിതപ്പെടുത്താനും ഇടയായതെങ്ങനെയെന്നും വിശദമാക്കുക.

(സ്കോർ 3)

**ഉത്തരസൂചിക**

- കാർഷിക വ്യവസായിക പുരോഗതി
- ഉത്പാദനം വർദ്ധിച്ചു
- കമ്പോളങ്ങൾ തേടി - അസംസ്കൃത വസ്തുക്കളുടെ കേന്ദ്രം തേടി കോളനികൾ

10. വ്യാവസായിക രംഗത്ത് മാത്രമല്ല, കാർഷിക രംഗത്തും സാമ്പത്തിക ചൂഷണം നിലനിന്നു. എങ്ങിനെയായിരിക്കാം കർഷകർ ചൂഷണങ്ങൾക്ക് വിധേയമായത്? (സ്കോർ 3)

**ഉത്തരസൂചിക**

- തുണ്ടുഭൂമിയിൽ നിന്നും കർഷകർ പുറത്തായി.
- ശാസ്ത്രീയ കൃഷിരീതി ആരംഭിച്ചു/യന്ത്രങ്ങൾ.
- വളച്ചുകെട്ടൽ പ്രസ്ഥാനം

11. ഇംഗ്ലണ്ടിൽ നടപ്പാക്കിയ ഫാക്ടറി നിയമത്തിലെ പ്രധാന നിർദ്ദേശങ്ങൾ ഏവ?

**ഉത്തരസൂചിക**

- ഫാക്ടറി സന്ദർശിക്കാൻ ഉദ്യോഗസ്ഥരെ നിയമിക്കുക.
- സ്ത്രീകളുടെ പ്രവർത്തി സമയം കുറയ്ക്കുക
- 9 വയസ്സിൽ താഴെയുള്ള കുട്ടികളെ ഫാക്ടറിയിൽ ജോലി ചെയ്യുന്നത് നിരോധിക്കുക.

12. A കോളത്തിലുള്ളവ B കോളത്തിലുള്ളവയുമായി യോജിപ്പിച്ചെഴുതുക. (സ്കോർ 4)

| A | B |
|---|---|
| സ്റ്റേറ്റ് സോഷ്യലിസം | കാറൽ മാർക്സ് |
| സിൻഡിക്കലിസം സോഷ്യലിസം | പ്രൂധോൻ |
| ഫാബിയൻ സോഷ്യലിസം | ലൂയിബ്ലാങ്ക് |
| ശാസ്ത്രീയ സോഷ്യലിസം | ബർണാഡ്ഷാ |

ഉത്തരസൂചിക – ശരിയായി ക്രമപ്പെടുത്തുന്നതിന്.

13. കാലഗണനയനുസരിച്ച് ക്രമപ്പെടുത്തുക.

പരിഷ്ക്കരണ നിയമം

വാട്ടർലൂ

ഫ്രഞ്ച് വിപ്ലവം

അവകാശ നിയമം

രക്തരഹിത വിപ്ലവം

***

# അധ്യായം 3

## സാമ്രാജ്യത്വത്തിന്റെ വളർച്ച

കോളനിവൽക്കരണത്തിനും സാമ്രാജ്യത്വവികസനത്തിനും യൂറോപ്യൻ ശക്തികൾ ഉപയോഗിച്ച തന്ത്രങ്ങളും അതിനെതിരെ കോളനികളിൽ ഉയർന്നുവന്ന ചെറുത്തുനിൽപുസമരങ്ങളും ഈ പാഠഭാഗത്തിലൂടെ വിശകലനം ചെയ്യുന്നു.

**പാഠഭാഗം ചുരുക്കത്തിൽ**

- സാമ്രാജ്യത്വത്തിന്റെ ആരംഭം
- ഇന്ത്യ, ചൈന എന്നിവിടങ്ങളിലെ കോളനിവൽക്കരണം
- അമേരിക്കൻ സ്വാതന്ത്ര്യസമരം
- ദേശീയത - ആക്രാമകം - പ്രതിരോധപരം
- ഒന്നാംലോക യുദ്ധത്തിനിടയാക്കിയ സാഹചര്യങ്ങൾ

---

1. തന്നിട്ടുള്ളവയിൽ നിന്ന് ബ്രിട്ടന്റെ കീഴിലുണ്ടായിരുന്ന ആഫ്രിക്കൻ കോളനികൾ വേർതിരിച്ചെഴുതുക.

(ഈജിപ്ത്, ലിബിയ, സുഡാൻ, റൊഡേഷ്യ, ടുണീഷ്യ,
നൈജീരിയ, ഉഗാണ്ട, ഗോൾഡ് കോസ്റ്റ്)

ഉത്തരസൂചിക - വേർതിരിച്ചെഴുതുന്നതിന് 6x1/2= 3 മാർക്ക്

2. കോളനീകരണം ശക്തിപ്പെടുത്താൻ സാമ്രാജ്യത്വം വ്യത്യസ്ത പ്രദേശങ്ങളിൽ വ്യത്യസ്ത തന്ത്രങ്ങളാണല്ലോ സ്വീകരിച്ചിട്ടുള്ളത്. തന്നിട്ടുള്ള പ്രദേശങ്ങളെ അടിസ്ഥാനമാക്കി പട്ടിക പൂർത്തിയാക്കുക. (4)

ഇന്ത്യ, ചൈന, ആഫ്രിക്ക, അമേരിക്ക

**ഉത്തരസൂചിക**

| ഇന്ത്യ | ചൈന | ആഫ്രിക്ക | അമേരിക്ക |
|---|---|---|---|
| ▫ പാശ്ചാത്യവിദ്യാഭ്യാസം | ▫ കറുപ്പ് വ്യാപാരം | ▫ അടിമവ്യാപാരം | ▫ നികുതി ചുമത്തൽ |
| ▫ നാട്ടുരാജ്യങ്ങളെ ദുർബലപ്പെടുത്തൽ | | ▫ തോട്ടങ്ങൾ കൈവശപ്പെടുത്തൽ | ▫ വാണിജ്യ നിയന്ത്രണം |
| ▫ ഭിന്നിപ്പിച്ച് ഭരിക്കൽ | ▫ സ്വാധീന മേഖലകൾ കൈയടക്കൽ | ▫ അസംസ്കൃത വസ്തു ശേഖരിക്കൽ | ▫ വിഹിതം പിരിച്ചെടുക്കൽ |

ഓരോന്നിനും ഏതെങ്കിലും 2 എണ്ണം വീതം എഴുതുക - 4x1=4


3. അക്രാമക ദേശീയത, പ്രതിരോധപരമായ ദേശീയത എന്നിവ ഉദാഹരണസഹിതം വിശദമാക്കുക. (സ്കോർ 4)

**ഉത്തരസൂചിക**

*അക്രാമക ദേശീയത* : അതിര് കടന്ന ദേശീയത ആയുധീകരണത്തിലേക്കും ദേശീയതകൾ തമ്മിൽ വൈരം വളർത്തുന്നതിനുമിടയാക്കി. ഉദാ:- ജർമ്മനി, ഇറ്റലി ഏകീകരണം.

*പ്രതിരോധപരമായ ദേശീയത* : ചൂഷണത്തിനും അടിമത്തത്തിനുമെതിരെ പ്രതിരോധിക്കാനായി വളർന്നുവന്ന കോളനിവിരുദ്ധ ദേശീയപ്രസ്ഥാനം. ഉദാ:- ഇന്ത്യ, ചൈന എന്നിവിടങ്ങളിലെ ദേശീയത.

4. തന്നിട്ടുള്ള രാജ്യങ്ങളെ സഖ്യങ്ങളുടെ അടിസ്ഥാനത്തിൽ തരംതിരിക്കുക.




(ജർമ്മനി റഷ്യ ആസ്ട്രിയ-ഹംഗറി ബ്രിട്ടൻ ഇറ്റലി ഫ്രാൻസ്)

**ഉത്തരസൂചിക -** അനുയോജ്യമായ രീതിയിൽ തരംതിരിക്കുന്നതിന് 6x1/2=3

5. ഇന്ത്യ, ചൈന എന്നീ പ്രദേശങ്ങളിൽ സാമ്രാജ്യത്വ അധിനിവേശത്തിനിടയാക്കിയ സാഹചര്യം വിശദമാക്കുക. (സ്കോർ 6)

**ഉത്തരസൂചിക**

- ഇന്ത്യ - ദുർബലമായ മുഗൾ ഭരണം, നാട്ടുരാജ്യങ്ങൾ തമ്മിലുള്ള കലഹം, സാമ്പത്തിക-സാമൂഹിക ജീർണ്ണത, അരക്ഷിതാവസ്ഥ, കർണ്ണാട്ടിക്-പ്ലാസി-ബക്സർ യുദ്ധങ്ങൾ - തന്ത്രങ്ങൾ
- ചൈന-കറുപ്പ് കള്ളക്കടത്ത് - കറുപ്പ് യുദ്ധങ്ങൾ - സ്വാധീനമണ്ഡലങ്ങളാക്കി

6. A കോളത്തിനോട് യോജിച്ചവ B കോളത്തിൽ നിന്നും കണ്ടെത്തി എഴുതുക. (സ്കോർ 5)

| A | B |
|---|---|
| സൈമൺ ബൊളിവർ | അമേരിക്ക |
| ജോസഫ് മസീനി | വെനിസുല |
| ജോർജ് വാഷിംഗ്ടൺ | ജർമ്മനി |
| ജോസ് ഡി സാൻമാർട്ടിൾ | ഇറ്റലി |
| ഓത്തോഫോൺ ബിസ്മാർക്ക് | അർജന്റീന |

**ഉത്തരസൂചിക**

(അനുയോജ്യമായവ കണ്ടെത്തുന്നതിന് 1 മാർക്ക് വീതം)

7. താഴെകൊടുത്തിട്ടുള്ള സംഭവങ്ങളെ കാലഗണനാ ക്രമത്തിലെഴുതുക (സ്കോർ 5)

- ഇറ്റലിയുടെ ഏകീകരണം
- ത്രിരാഷ്ട്ര സഖ്യം രൂപീകരിച്ചു
- നാഷണൽ അസോസിയേഷൻ ഫോർ പ്രൊട്ടക്ഷൻ ഓഫ് ലേബർ
- ജർമ്മനിയുടെ ഏകീകരണം
- ഒന്നാം കോണ്ടിനെന്റൽ കോൺഗ്രസ്

**ഉത്തരസൂചിക**

അനുയോജ്യമായ രീതിയിൽ കണ്ടെത്തി എഴുതുന്നതിന് 1 മാർക്ക് വീതം

8. ബാൽക്കൻ പ്രതിസന്ധിയും ആഫ്രിക്കയുടെ വീതം വെയ്പ്പും സാമ്രാജ്യത്വ അധിനിവേശ ത്തിന്റെയും കോളനീകരണത്തിന്റെയും ഉദാഹരണങ്ങളാണ്. പ്രസ്താവന വിലയിരുത്തുക (സ്കോർ 6)

**ഉത്തരസൂചിക**

-തുർക്കിയുടെ ശിഥിലീകരണം, പൗരസ്ത്യ യൂറോപ്പ്യൻ സമസ്യ, റഷ്യൻ താല്പര്യങ്ങൾ- ക്രീമിയൻ യുദ്ധം - അസംസ്കൃത വസ്തുക്കൾക്ക് വേണ്ടിയുള്ള അന്വേഷണം - മത്സര ങ്ങൾ - വീതം വെപ്പ് - കൊളോണിയൽ സംഘർഷങ്ങൾ - 1914... ഭൂരഭാഗവും കോളനിക ളായി.

9. ചൈനയിൽ ഡോ. സൺയാത്സെന്നിന്റെ നേതൃത്വത്തിൽ നടന്ന വിമോചന പ്രസ്ഥാന ത്തെക്കുറിച്ച് വിശദമാക്കുക. (സ്കോർ 3)

**ഉത്തരസൂചിക**

- സാമ്രാജ്യത്വശക്തികൾക്കെതിരെയും ചൈന ഭരിച്ചിരുന്ന മഞ്ചുരാജവംശത്തിന്റെ ദുർനയങ്ങൾക്കെതിരെ .
- മഞ്ചുരാജഭരണം അവസാനിപ്പിച്ച് ഒരു ജനകീയ ജനാധിപത്യ റിപ്പബ്ലിക് സ്ഥാപിക്കുക
- ദേശീയത, ജനാധിപത്യം, സോഷ്യലിസം എന്നീ ആശയങ്ങളിലധിഷ്ഠിതം.

***

# യൂണിറ്റ് 4

# ലോകയുദ്ധവും തുടർച്ചയു

ഇരുപതാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ തന്നെ ലോകചരിത്രഗതിയെ മാറ്റിമറിച്ച സംഭവ മാണ് ഒന്നാം ലോകയുദ്ധം. യുദ്ധം ആരംഭിക്കുന്നത് മനുഷ്യമനസ്സുകളിലാണെന്നും ആഗോളഅ ടിസ്ഥാനത്തിൽ ഭീതി ഉളവാക്കുന്ന ഒന്നാണ് യുദ്ധമെന്നും ലോകയുദ്ധങ്ങൾ നമുക്ക് വെളിപ്പെടു ത്തിതരുന്നു. ഒന്നാം ലോകയുദ്ധാനന്തരം പരാജിതർ പുതിയ ആശയങ്ങളുടെ പുറകെ പോകു ന്നു. മറുഭാഗത്ത് തൊഴിലാളി വിപ്ലവം ലോകജനതയ്ക്ക് പുതിയ ദിശാബോധം നൽ കുന്നു. വിലസംവിധാനത്തെ അടിസ്ഥാനമാക്കിയുള്ള കമ്പോള സമ്പദ്‌വ്യവസ്ഥ സാമ്പത്തിക മാന്ദ്യത്തി ലേക്ക് പോകുമ്പോൾ അവ പരിഹരിക്കാൻ പുതിയ രക്ഷാമാർഗ്ഗങ്ങൾ തേടുന്നു.

**പാഠഭാഗം ചുരുക്കത്തിൽ**

- ഒന്നാം ലോകയുദ്ധത്തിലേക്ക് നയിച്ച അന്താരാഷ്ട്ര പ്രതിസന്ധികൾ.
- ഒന്നാംലോകയുദ്ധത്തിന്റെ ഫലങ്ങൾ
- സമാധാനശ്രമങ്ങൾ - ഉടമ്പടികൾ - ലീഗ് ഓഫ് നേഷൻസ്
- തൊഴിലാളി വിപ്ലവം - റഷ്യ, യുദ്ധകാല കമ്മ്യൂണിസവും പുത്തൻ സാമ്പത്തിക നയവും - സോവിയറ്റ് യൂണിയനും പഞ്ചവത്സര പദ്ധതിയും.
- 1930-കളിലെ സാമ്പത്തിക മാന്ദ്യം - ന്യൂഡീൽ പദ്ധതി
- ഫാസിസവും നാസിസവും.

---

1. ഒന്നാംലോകയുദ്ധത്തിലേക്ക് നയിച്ച സാഹചര്യങ്ങൾ വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക. (സ്കോർ 6)

**ഉത്തരസൂചിക**

(i) അന്താരാഷ്ട്ര പ്രശ്നങ്ങളും പ്രതിസന്ധികളും
- പൗരസ്ത്യ യൂറോപ്യൻ സമസ്യ
- ബാൾക്കൻ പ്രതിസന്ധി
- മൊറോക്കൻ പ്രതിസന്ധി
- ബാഗ്ദാദ് റെയിൽ
- സെരായവോ പ്രതിസന്ധി

(ii) സൈനിക സഖ്യങ്ങളുടെ രൂപീകരണം
- സഖ്യശക്തികളും കേന്ദ്രശക്തികളും

(ഓരോ സൂചകത്തിനും 1/2 സ്കോർ വീതം = 3 സ്കോർ. വിശദീകരണത്തിന് 3 സ്കോർ, ആകെ 6 സ്കോർ)

2. പുത്തൻ സാമ്പത്തിക നയം റഷ്യൻ സമ്പദ്‌വ്യവസ്ഥയെ എപ്രകാരം സ്വാധീനിച്ചുവെന്ന് വ്യക്തമാക്കുക (സ്കോർ 3)

**ഉത്തരസൂചിക**

i കർഷകർക്ക് ഇഷ്ടമുള്ള ധാന്യം കൃഷിചെയ്യാനും ഉൽപന്നങ്ങൾ പൊതു കമ്പോളത്തിൽ വിൽക്കാനും സ്വാതന്ത്ര്യം നൽകി.

ii തൊഴിലാളികൾക്ക് വേതനം പണമായി കൊടുത്തു.

iii സ്വകാര്യമേഖലയിൽ ചില വ്യവസായങ്ങൾ അനുവദിച്ചു. (ഒരു സൂചകത്തിന് 1 സ്കോർ)

3. വേഴ്സായി സന്ധിയിലെ പ്രധാന വ്യവസ്ഥകൾ എന്തെല്ലാമായിരുന്നു? ഇത് ജർമ്മനിയെ എങ്ങനെ ബാധിച്ചു? (സ്കോർ 4)

**ഉത്തരസൂചിക**

- സന്ധിവ്യവസ്ഥകൾ - യുദ്ധകുറ്റം, നിരായുധീകരണം, നഷ്ടപരിഹാരം, ജർമ്മനി പിടിച്ചെടുത്ത പ്രദേശങ്ങൾ വിട്ടുകൊടുക്കൽ (സ്കോർ 2)
- വേഴ്സായി സന്ധിയിലെ വ്യവസ്ഥകൾ ജർമ്മനിക്ക് അപമാനകരമായിരുന്നു. ജർമ്മനിയെ സാമ്പത്തികമായും സൈനികമായും തകർക്കുക എന്ന ലക്ഷ്യത്തോടെയാണ് ഇത് അടിച്ചേൽപിച്ചത്. (സ്കോർ 2)

4. എന്താണ് 'ന്യൂഡിൽ'? ഇത് എത്രമാത്രം ഫലപ്രദമായിരുന്നുവെന്ന് വിലയിരുത്തുക. (സ്കോർ 4)

**ഉത്തരസൂചിക**

- 1929 ലെ സാമ്പത്തിക തകർച്ചയിൽ നിന്നും രക്ഷനേടാൻ അമേരിക്ക നടപ്പിലാക്കിയ പദ്ധതി.
- ക്ഷേമപ്രവർത്തനങ്ങൾക്ക് മുൻതൂക്കം നൽകി ദുരിതങ്ങൾ പരിഹരിക്കാൻ ശ്രമിച്ചു.
- ഇത് അടിസ്ഥാനസാമ്പത്തിക പ്രശ്നങ്ങൾ പരിഹരിച്ചില്ല
- സാമ്പത്തിക രംഗത്തിന്റെ തിരിച്ചുവരവിന് കാലദൈർഘ്യം എടുത്തു.

5. ഒന്നാംലോകയുദ്ധാനന്തരം ഒപ്പുവെച്ച സമാധാന സന്ധികൾ ഏതെല്ലാം? ഈ സന്ധികൾ എത്രമാത്രം നീതിപൂർവ്വമായിരുന്നുവെന്ന് വിലയിരുത്തുക. (സ്കോർ 3)

**ഉത്തരസൂചിക**

- i. വേഴ്സായി സന്ധി ii. സെന്റ് ജർമ്മൻ സന്ധി iii. സേവ്റെ സന്ധി 1½
- സന്ധിവ്യവസ്ഥകൾ വിശകലനം ചെയ്ത് വിലയിരുത്തുന്നതിന് 1½

6. വിപ്ലവാനന്തരം റഷ്യൻ സമ്പദ്‌വ്യവസ്ഥയെ മെച്ചപ്പെടുത്താൻ ലെനിൻ നടപ്പിലാക്കിയ സാമ്പത്തിക പരിഷ്ക്കാരങ്ങൾ എന്തെല്ലാം? ഇവ തമ്മിൽ താരതമ്യം ചെയ്യുക. (സ്കോർ 5)

**ഉത്തരസൂചിക**

i. യുദ്ധകാല കമ്മ്യൂണിസം ii. പുത്തൻ സാമ്പത്തിക നയം (സ്കോർ 1)

**യുദ്ധകാല കമ്മ്യൂണിസം**

- കൃഷിഭൂമി, എസ്റ്റേറ്റുകൾ എന്നിവ പിടിച്ചെടുത്ത് കർഷകർക്ക് നൽകി.
- അധികമുള്ള ഉല്പന്നങ്ങൾ സർക്കാർ ഏറ്റെടുത്ത് ജനങ്ങൾക്ക് വിതരണം ചെയ്തു.
- വേതനത്തിന് പകരം ഉല്പന്നങ്ങൾ നൽകി

**പുത്തൻ സാമ്പത്തിക നയം**

- കർഷകർക്ക് ഇഷ്ടമുള്ള ധാന്യങ്ങൾ കൃഷിചെയ്യാൻ സ്വാതന്ത്ര്യം
- ഉല്പന്നങ്ങൾ പൊതുകമ്പോളത്തിൽ വിൽക്കാനും വാങ്ങാനും സ്വാതന്ത്ര്യം
- വേതനം പണമായി നൽകി

(ഓരോന്നിലും 2 വീതം സൂചകങ്ങൾ 4 സ്കോർ വീതം)

7. ചേർത്തെഴുതുക

| | A | B | C |
|---|---|---|---|
| i | ബെനിറ്റോ മുസലിനി | ഫലാഞ്ജിസം | ജർമ്മനി |
| ii | അഡോൾഫ് ഹിറ്റ്ലർ | തനാക്ക മെമ്മോറിയൽ | ഇറ്റലി |
| iii | ജനറൽ ഫ്രാങ്കോ | തവിട്ടുകുപ്പായക്കാർ | ജപ്പാൻ |
| iv | ബാരൺ തനാക്ക | കറുത്ത കുപ്പായക്കാർ | സ്പെയിൻ |

(ശരിയായി ക്രമപ്പെടുത്തി എഴുതുന്നതിന് 4 സ്കോർ)

8. സോവിയറ്റ് യൂണിയനിൽ സ്റ്റാലിൻ നടപ്പിലാക്കിയ പഞ്ചവത്സര പദ്ധതികളെക്കുറിച്ച് ഒരു ലഘുകുറിപ്പ് തയ്യാറാക്കുക. (സ്കോർ 4)

**ഉത്തരസൂചിക**

- പഞ്ചവത്സര പദ്ധതികളിലൂടെ വൈദ്യുതി, കൽക്കരി, ഓയിൽ, ഇരുമ്പയിര്, സ്റ്റീൽ എന്നിവയുടെ ഉൽപാദനം വർദ്ധിച്ചു.
- കാർഷിക യന്ത്രോപകരണങ്ങൾ നിർമ്മിക്കുന്ന വൻകിട ഫാക്ടറികൾ സ്ഥാപിച്ചു.
- ഒരു വ്യാവസായിക സൈനിക ശക്തിയായി മാറി
- സ്വകാര്യ മേഖലയിലുണ്ടായിരുന്ന സംരംഭങ്ങളെല്ലാം ഭരണകൂടം ഏറ്റെടുത്തു.

(ഒരു സൂചകത്തിന് 1 സ്കോർ)

9. 1929 ലെ 'ലോകസാമ്പത്തിക മാന്ദ്യം' അമേരിക്കൻ സമ്പദ്‌വ്യവസ്ഥയെ എപ്രകാരം ബാധിച്ചു. (സ്കോർ 3)

**ഉത്തരസൂചിക**

1. പകുതിയോളം കുടുംബങ്ങൾ പട്ടിണിയിൽ
2. ഓഹരി കമ്പോളങ്ങളുടെ തകർച്ച
3. ബാങ്കുകൾ തകർന്നു
4. കർഷകർക്ക് ഉല്പന്നങ്ങൾ വിൽക്കാൻ കഴിഞ്ഞില്ല.
5. കർഷകർക്ക് ഭൂമി നഷ്ടപ്പെട്ടു.

(ഏതെങ്കിലും 3 സൂചകം എഴുതുക 1x3=3)

10. 'ഫാഷിസത്തിന്റെ ജർമ്മൻ പതിപ്പാണ് നാസിസം'. ഈ പ്രസ്താവന വിലയിരുത്തുക (സ്കോർ 4)

**ഉത്തരസൂചിക**

1. ഫാഷിസത്തിന്റെയും നാസിസത്തിന്റെയും ആശയങ്ങളിൽ സമാനത-വീരാധന, വംശീയത, ഭൂതകാല മഹത്വവൽക്കരണം, യുദ്ധവെറി തുടങ്ങിയവ
2. സോഷ്യലിസറ്റുകളെയും കമ്മ്യൂണിസ്റ്റുകളെയും ഡെമോക്രാറ്റുകളെയും എതിർത്തു.
3. മറ്റു സംഘടനകളെ നിരോധിച്ചു.

11. തനാക്ക മെമ്മോറിയൽ എന്നാലെന്ത്? ഇത് നടപ്പിലാക്കിയത് ആര്? (സ്കോർ 3)

**ഉത്തരസൂചിക**

- ജപ്പാൻ പ്രധാനമന്ത്രിയായിരുന്ന ബാരൺ തനാക്ക
- ജപ്പാന്റെ സാമ്രാജ്യത്വവ്യാപനത്തെ ലക്ഷ്യമിട്ട പദ്ധതി
- ലോകം കീഴടക്കണമെങ്കിൽ ചൈനയും ചൈന കീഴടക്കണമെങ്കിൽ മഞ്ചൂറിയയും, മഞ്ചൂറിയ കീഴടക്കണമെങ്കിൽ കൊറിയയും കീഴടക്കണമെന്ന് പ്രഖ്യാപിച്ചു.

12. പുത്തൻ സാമ്പത്തിക നയം റഷ്യൻ സമ്പദ്‌വ്യവസ്ഥയെ എങ്ങനെ സഹായിച്ചുവെന്ന് വ്യക്തമാക്കുക. (സ്കോർ 2)

**ഉത്തരസൂചിക**

- കർഷകർക്ക് ഉല്പാദന പ്രക്രിയയിൽ പ്രോത്സാഹനം നൽകുന്ന ഒരു സാമ്പത്തിക നയം
- വൈദ്യുതി, കൽക്കരി, സ്റ്റീൽ എന്നിവയുടെ ഉല്പാദനത്തിൽ ഗണ്യമായ പുരോഗതി
- വ്യാവസായിക മുന്നേറ്റം, ഗതാഗത വാർത്താവിനിമയ വർദ്ധന, വാണിജ്യ പുരോഗതി എന്നിവ.

***

## യൂണിറ്റ് 5

# രണ്ടാംലോക യുദ്ധവും സാമ്രാജ്യത്വത്തിന്റെ തകർച്ചയും

മാനവ സമൂഹത്തിന്റെ പുരോഗതിയെ പിന്നോട്ടടിക്കുന്ന ഒന്നാണ് യുദ്ധം. ഒന്നാം ലോക യുദ്ധം ഭീകരമായ അനുഭവങ്ങൾ നല്കിയെങ്കിലും അതിൽ നിന്നും പാഠം ഉൾകൊണ്ട് വീണ്ടുമൊരു യുദ്ധം ഒഴിവാക്കാൻ കഴിഞ്ഞില്ല. അപമാനിക്കപ്പെട്ടവർ പ്രതികാരത്തിനായി തയ്യാറെടുത്തപ്പോൾ വിജയികൾ അവരുടെ അധിപത്യം ഉറപ്പിക്കാൻ ശ്രമിച്ചു. ഇവർ വീണ്ടും ലോക സമൂഹത്തെ യുദ്ധത്തിലേക്ക് നയിച്ചു. രണ്ടാം ലോകയുദ്ധം തികച്ചും വ്യത്യസ്ഥമായ ലോക സാഹചര്യം സൃഷ്ടിക്കുന്നതിന് കാരണമായി.

**പാഠഭാഗം ചുരുക്കത്തിൽ**

- രണ്ടാം ലോക യുദ്ധത്തിന്റെ കാരണങ്ങൾ, ഫലങ്ങൾ.
- കോളനികളുടെ സ്വാതന്ത്ര്യം, സോഷ്യലിസത്തിന്റെ വ്യാപനം.
- ശീത സമരം
- ഐക്യ രാഷ്ട്രസംഘടന, ചേരിചേരാ പ്രസ്ഥാനം
- സോവിയറ്റ് യൂണിയന്റെ തകർച്ചയും ഏകധ്രുവ ലോകവും.

---

1. 'രണ്ടാം ലോകയുദ്ധത്തിലേക്ക് നയിച്ച അടിസ്ഥാനകാരണങ്ങളിൽ ഒന്ന് വേഴ്സായി സന്ധിയിലെ അപമാനകരമായ വ്യവസ്ഥകൾ ആയിരുന്നു.' ഇതിനുപുറമെയുള്ള ഏതെങ്കിലും 4 കാരണങ്ങൾ കണ്ടെത്തുക. (സ്കോർ 4)

**ഉത്തരസൂചിക**

- സാമ്രാജ്യത്വരാജ്യങ്ങൾക്കിടയിലെ മത്സരം
- പ്രീണന നയം
- ജർമ്മനിയുടെ ചെക്കോസ്ലാവാക്യ അധിനിവേശം
- ജർമ്മനിയുടെ പോളണ്ടാക്രമണം
- ഫാസിസത്തിന്റെയും നാസിസത്തിന്റെയും വളർച്ച
- മഞ്ചൂറിയൻ പ്രതിസന്ധി
- അബ്സീനിയൻ പ്രതിസന്ധി

2. സോവിയറ്റ് യൂണിയൻ, അമേരിക്ക എന്നീ രാജ്യങ്ങളുടെ രംഗപ്രവേശനം രണ്ടാംലോക യുദ്ധഗതിയിൽ വരുത്തിയ മാറ്റങ്ങൾ എന്തെല്ലാം? (സ്കോർ 4)

**ഉത്തരസൂചിക**

- അനാക്രമണ സന്ധിയിലുണ്ടായ ലംഘനം
- സ്റ്റാലിൻ ഗ്രേഡ് ആക്രമണത്തിൽ ജർമ്മനി പരാജയപ്പെട്ടു.
- 1941 ഡിസംബർ 7 ന് ജപ്പാൻ നടത്തിയ പേൾഹാർബർ ആക്രമണം
- അമേരിക്കൻ തിരിച്ചടി (ജപ്പാൻ ആക്രമണം, ഫ്രാൻസിന്റെ മോചനം)
- സോവിയറ്റ് യൂണിയന്റെയും അമേരിക്കയുടെയും രംഗപ്രവേശനം വരെ മുന്നിട്ടുനിന്ന അച്ചുതണ്ടുശക്തികളുടെ പരാജയത്തിന് ഇത് കാരണമായി.

3. 'രണ്ടാം ലോകയുദ്ധംകൊണ്ട് നേട്ടമുണ്ടാക്കിയ രാജ്യം അമേരിക്കയാണ്.' ഈ പ്രസ്താവന എത്രമാത്രം ശരിയാണെന്ന് പരിശോധിക്കുക. (സ്കോർ 4)

**ഉത്തരസൂചിക**

- അമേരിക്കൻ മണ്ണിൽ യുദ്ധം നടന്നില്ല
- അമേരിക്കൻ കമ്പനികൾ യുദ്ധോപകരണങ്ങൾ വിറ്റഴിച്ച് സമ്പന്നമായി
- മരുന്നു കമ്പനികൾ മരുന്നുകച്ചവടം വഴി ലാഭം ഉണ്ടാക്കി.
- അമേരിക്ക ജനാധിപത്യത്തിന്റെ ആയുധപ്പുരയായും നവ സാമ്രാജ്യത്വത്തിന്റെ അമരക്കാരനുമായി മാറി.

4. രണ്ടാംലോകയുദ്ധം ലോകരാഷ്ട്രീയ സാമ്പത്തിക സാമൂഹിക ക്രമത്തിലുണ്ടാക്കിയ മാറ്റം വിലയിരുത്തുക. (സ്കോർ 6)

**ഉത്തരസൂചിക**

- കോളനികൾ സ്വതന്ത്രമായി
- വൻതോതിലുള്ള ആൾനാശം
- വ്യവസായ ശാലകൾ, കൃഷിയിടങ്ങൾ, ഗതാഗത മാർഗ്ഗങ്ങൾ എന്നിവ തകർക്കപ്പെട്ടു.
- നാണയപ്പെരുപ്പവും വിലക്കയറ്റവും
- ക്ഷാമം, ദാരിദ്ര്യം, തൊഴിലില്ലായ്മ
- അഭയാർത്ഥി പ്രവാഹം
- സോഷ്യലിസത്തിന്റെ വ്യാപനം

- UNO യുടെ രൂപീകരണം
- ശീതസമരം
- ചേരിചേരാ പ്രസ്ഥാനം
- യൂറോപ്യൻ ആധിപത്യം തകർന്നു. അമേരിക്ക സോവിയറ്റ് ശാക്തിക ചേരി
- നവസാമ്രാജ്യത്വത്തിന്റെ വളർച്ച

5. "അമേരിക്കയ്ക്ക് നേരിടേണ്ടിവന്ന ഏറ്റവും വലിയ തിരിച്ചടികളിൽ ഒന്നായിരുന്നു വിയറ്റ്നാം യുദ്ധം." സമർത്ഥിക്കുക. (സ്കോർ 4)

**ഉത്തരസൂചിക**

- വിയറ്റ്നാം വിഭജനം (17-ാം അക്ഷാംശരേഖ)
- അമേരിക്കയുടെ ഉത്തരവിയറ്റ്നാം ആക്രമണം
- ജനകീയ പ്രക്ഷോഭം
- 1975 ഏപ്രിൽ 30ന് അമേരിക്കയുടെ ദക്ഷിണ വിയറ്റ്നാമിൽ നിന്നുള്ള പിൻമാറ്റം
- 1976-ൽ വിയറ്റ്നാമിന്റെ ഏകീകരണം

6. "രണ്ട് വ്യത്യസ്ത ആശയങ്ങൾ രൂപപ്പെടുത്തി എടുത്ത രാഷ്ട്രീയ-സാമൂഹിക വ്യവസ്ഥിതികൾ തമ്മിലുള്ള സംഘർഷമാണ് ശീതസമരം" സമർത്ഥിക്കുക. (സ്കോർ 4)

**ഉത്തരസൂചിക**

- ആശയപരമായ വ്യത്യാസം
- സോവിയറ്റ് യൂണിയന്റെ നേതൃത്വത്തിലുള്ള സോഷ്യലിസ്റ്റ് ചേരി, അമേരിക്കയുടെ നേതൃത്വത്തിലുള്ള മുതലാളിത്ത ചേരി.
- നയതന്ത്രയുദ്ധം
- യുദ്ധവും സമാധാനവും ഇല്ലാത്ത അവസ്ഥ
- രാഷ്ട്രീയ അവിശ്വാസവും ആശയപരമായ വെറുപ്പും

7. ചേരിചേരാ പ്രസ്ഥാനത്തിന്റെ ശില്പികൾ ആരെല്ലാം?
ഇന്നത്തെ ലോകസാഹചര്യത്തിൽ ചേരിചേരാ പ്രസ്ഥാനത്തിന്റെ പ്രസക്തി വിശകലനം ചെയ്യുക. (സ്കോർ 4)

**ഉത്തരസൂചിക**

- നെഹ്റു (ഇന്ത്യ), ടിറ്റോ (യൂഗോസ്ലാവിയ), നാസർ (ഈജിപ്ത്), സുക്കാർത്തോ (ഇന്തോനേഷ്യ)
- നിഷ്പക്ഷതാ നയമോ ഇടപെടാതിരിക്കൽ നയമോ അല്ല
- ഇരുചേരിയോടും അനുഭാവം പ്രകടിപ്പിക്കാത്ത അന്താരാഷ്ട്ര പ്രശ്നങ്ങളിൽ സജീവമായ ഇടപെടൽ
- ഇന്നത്തെ ഏകധ്രുവലോകത്തിൽ പ്രസക്തി കുറഞ്ഞെങ്കിലും മൂന്നാം ലോകരാജ്യങ്ങളുടെ ശബ്ദം.

8. ഇരുധ്രുവലോകത്തിൽ നിന്ന് ഏകധ്രുവ ലോകത്തിലേക്കുള്ള മാറ്റത്തിലേക്ക് നയിച്ച സാഹചര്യം വിലയിരുത്തുക. (സ്കോർ 3)

**ഉത്തരസൂചിക**

- സോഷ്യലിസത്തിന്റെ അടിസ്ഥാന പ്രമാണങ്ങളിൽ നിന്നുള്ള വ്യതിചലനവും സോവിയറ്റ് യൂണിയന്റെ വളർച്ചയും
- ആഗോളവത്ക്കരണത്തിൻറെ ഫലമായുണ്ടായ ബാഹ്യ ഇടപെടലുകൾ
- മിഖായേൽ ഗോർബച്ചോവിന്റെ പരിഷ്കാരങ്ങൾ

9 ഏകധ്രുവ ലോകത്തിന്റെ രൂപീകരണം അന്തർദേശീയ രംഗത്തുണ്ടാക്കിയ മാറ്റങ്ങൾ എന്തെല്ലാം? (സ്കോർ 3)

**ഉത്തരസൂചിക**

- അമേരിക്കൻ മേധാവിത്വം ചോദ്യം ചെയ്യപ്പെടാത്ത അവസ്ഥ
- നവസാമ്രാജ്യത്വത്തിന്റെ വളർച്ച
- സോഷ്യലിസത്തിന്റെ തകർച്ച

10. അണുബോംബ് പ്രയോഗിക്കാതെ തന്നെ സഖ്യകക്ഷികൾക്ക് ജപ്പാനെ പരാജയപ്പെടുത്താമായിരുന്നു. ഈ പ്രസ്താവനയുടെ സാധ്യത പരിശോധിക്കുക. (സ്കോർ 3)

**ഉത്തരസൂചിക**

- അച്ചുതണ്ട് ശക്തികളുടെ പരാജയം
- അമേരിക്കയുടെ അണുബോംബ് പ്രയോഗം

- അമേരിക്കൻ മേധാവിത്വം ഉറപ്പിക്കൽ, ഭീകരത സൃഷ്ടിക്കൽ
  (അണുബോംബ് പ്രയോഗിക്കേണ്ട ആവശ്യകത ഇല്ലായിരുന്നു)

11. ജർമ്മനിയോട് പ്രീണന നയം കാണിക്കാൻ ബ്രിട്ടനെയും ഫ്രാൻസിനെയും നിർബന്ധിത മാക്കിയ സാഹചര്യമെന്ത്? (സ്കോർ 3)

**ഉത്തരസൂചിക**

- സോഷ്യലിസ്റ്റ് ആശയങ്ങളോടും സോവിയറ്റ് യൂണിയനോടുമുള്ള എതിർപ്പ്
- ജർമ്മനിയെ എതിർക്കാനുള്ള ശക്തിസംഭരണത്തിന്
- സാമ്രാജ്യത്വ താല്പര്യസംരക്ഷണം

12. ചുവടെ കൊടുത്തിരിക്കുന്നവ കാലഗണനയനുസരിച്ച് ക്രമപ്പെടുത്തി എഴുതുക. (സ്കോർ 3)

a. സോവിയറ്റ് യൂണിയന്റെ തകർച്ച
b. ചേരിചേരാ പ്രസ്ഥാനം നിലവിൽ വന്നു
c. വിയറ്റ്നാം ഏകീകരണം
d. ചൈന ജനകീയ റിപ്പബ്ലിക് ആയി
e. ജർമ്മനിയുടെ പോളണ്ട് ആക്രമണം
f. ജപ്പാന്റെ പേൾഹാർബർ ആക്രമണം

(സ്കോർ 3)

**ഉത്തരസൂചിക**

- ജർമ്മനിയുടെ പോളണ്ട് ആക്രമണം
- ജപ്പാന്റെ പേൾഹാർബർ ആക്രമണം
- ചൈന ജനകീയ റിപ്പബ്ലിക് ആയി
- ചേരിചേരാ പ്രസ്ഥാനം നിലവിൽ വന്നു
- വിയറ്റ്നാം ഏകീകരണം
- സോവിയറ്റ് യൂണിയന്റെ തകർച്ച

13. A കോളത്തിന് അനുയോജ്യമായവ B, C കോളങ്ങളിൽ ക്രമപ്പെടുത്തി എഴുതുക.

(സ്കോർ 4)

| A | B | C |
|---|---|---|
| i. അപ്പാർത്തീഡ് | ചൈന | ബർണാഡ് ബറൂച്ച് |
| ii. ലോംഗ്മാർച്ച് | ദക്ഷിണാഫ്രിക്ക | ഹിറ്റ്ലർ |
| iii. സീലയൺ | അമേരിക്ക | മൗസേദോങ്ങ് |
| iv. ശീതസമരം | ജർമ്മനി | നെൽസൺ മണ്ടേല |

**ഉത്തരസൂചിക**

i. അപ്പാർത്തീഡ് - ദക്ഷിണാഫ്രിക്ക - നെൽസൺ മണ്ടേല

ii. ലോംഗ്മാർച്ച് - ചൈന - മൗസേദോങ്ങ്

iii. സീലയൺ - ജർമ്മനി - ഹിറ്റ്ലർ

iv. ശീതസമരം - അമേരിക്ക - ബർണാഡ് ബറൂച്ച്

***

## അധ്യായം 6

# പത്തൊമ്പതും ഇരുപതും നൂറ്റാണ്ടുകളിലെ ധൈഷണിക പ്രവണതകൾ

19-ാം നൂറ്റാണ്ടിലും ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭത്തിലും മനുഷ്യന്റെ ആശയങ്ങളിലും സങ്കല്പങ്ങളിലും ഉണ്ടായ ധൈഷിണികമായ വികാസം, തത്വശാസ്ത്രം, സാഹിത്യം, കല, ശാസ്ത്രം, സാങ്കേതിക വിദ്യ എന്നീ മണ്ഡലങ്ങളിലുണ്ടാക്കിയ പ്രധാന സംഭവവികാസങ്ങളാണ് ഈ യൂണിറ്റിലൂടെ പരിചയപ്പെടുന്നത്.

**പാഠഭാഗം ചുരുക്കത്തിൽ**

- 19-ാം നൂറ്റാണ്ടിലെ കാല്പനിക പ്രസ്ഥാനം
- ഉദാരതവാദം
- യഥാതഥ പ്രസ്ഥാനം
- ജർമ്മൻ ആശയവാദം
- പ്രത്യക്ഷാനുഭവ വാദം
- ഭൗതിക വാദം
- ശാസ്ത്രം 19,20 നൂറ്റാണ്ടുകളിൽ
- സാഹിത്യവിമർശനത്തിലും തത്വ ചിന്തയിലും പുതുപ്രവണതകൾ.

---

1. കാൽപ്പനിക പ്രസ്ഥാനത്തിന്റെ പ്രത്യേകതകൾ കണ്ടെത്തുക (സ്കോർ 3)

**ഉത്തരസൂചിക**

- ജ്ഞാനോദയത്തിനെതിരെയുള്ള പ്രതിഷേധം
- ആത്മനിഷ്ഠത, ഭാവുകത്വം, വൈകാരികത, നൈസർഗ്ഗികത എന്നിവയ്ക്ക് മുൻഗണന
- പ്രപഞ്ച സൗന്ദര്യം, പ്രേമം, ചിന്താ സ്വാതന്ത്ര്യം

2. കാൽപ്പനിക പ്രസ്ഥാനത്തിന്റെ പ്രധാന വക്താക്കൾ ആരൊക്കെയെന്ന് കണ്ടെത്തുക.

(സ്കോർ 4)

**ഉത്തരസൂചിക**

- സാഹിത്യം, കല സംഗീതം, രാഷ്ട്രീയം വിവിധ മേഖലകളിലെ പ്രമുഖർ

*സാഹിത്യം*

ചാൾസ് ഡിക്കൻസ്

വില്യംവേഡ്സ് വർത്ത് (ടിന്റേൺ ആബി, ലൂസിഗ്രേ, ഏകാകിയായ കൊയ്ത്തുകാരി)

വിക്തർ യൂഗോ – 'പാവങ്ങൾ'

*കല*

യൂജിൻ ദെലക്ര

ജോൺ കോൺസ്റ്റബിൾ

*സംഗീതം*

ലുദ്വിഗ് ഫോൺ ബേഥോവൻ

*രാഷ്ട്രീയം*

ഫ്രഡറിക്ക് ഹെഗൽ

3. ഉദാരതാവാദത്തിന്റെ പ്രധാന ആശയങ്ങൾ ഏവ? (സ്കോർ 3)

**ഉത്തരസൂചിക**

- ദേശീയതയുമായി അടുത്ത ബന്ധം പുലർത്തിയ ദർശനം
- മധ്യവർഗ്ഗത്തിന്റെ രാഷ്ട്രീയ സങ്കല്പങ്ങളുടെ പ്രകടനം
- നിയമവാഴ്ച, മനുഷ്യാവകാശം, പ്രായപൂർത്തി വോട്ടവകാശം തുടങ്ങിയ ആവശ്യങ്ങൾ

4. യഥാതഥാ പ്രസ്ഥാനത്തിന്റെ പ്രധാന ആശയങ്ങളെക്കുറിച്ചും അതിന്റെ വക്താക്കളെക്കുറിച്ചും വിവരിക്കുക.

(സ്കോർ 4)

**ഉത്തരസൂചിക**

**ആശയങ്ങൾ**

- കാൽപ്പനിക പ്രസ്ഥാനത്തോടുള്ള എതിർപ്പ്
- വസ്തുക്കളെയും വസ്തുതകളെയും തനത് രൂപത്തിൽ അവതരിപ്പിച്ചു.
- പ്രമേയങ്ങളും പ്രശ്നങ്ങളും വസ്തുനിഷ്ഠവും യഥാർത്ഥവുമായി അവതരിപ്പിച്ചു.

***വക്താക്കൾ***

- ആൽഫ്രഡ് ലോഡ് ടെന്നിസൺ, മാത്യു ആർനോൾഡ്, റോബർട്ട് ബ്രൗണിംഗ് (ഇംഗ്ലീഷ് കവികൾ)

5. ജർമ്മൻ ആശയവാദത്തിന്റെ ആശയങ്ങൾ, പ്രധാന വക്താക്കൾ എന്നിവ കണ്ടെത്തി എഴുതുക. (സ്കോർ 4)

**ഉത്തരസൂചിക**

- ആശയമാണ് പ്രഥമവും പ്രധാനവും

- ഭൗതിക പദാർത്ഥങ്ങൾക്ക് ദ്വിതീയ സ്ഥാനം
- ഒരു ആശയത്തിന് സാമൂഹിക ജീവിതത്തെ മാറ്റി മറിക്കാൻ കഴിയും.

**വക്താക്കൾ**

ഇമ്മാനുവൽ കാന്റ്, ഹെഗൽ

6. പ്രത്യക്ഷാനുഭവവാദം, ഭൗതികവാദം എന്നിവ താരതമ്യം ചെയ്യുക. (സ്കോർ 3)

**ഉത്തരസൂചിക**

**പ്രത്യക്ഷാനുഭവവാദം**

- ഭൗതിക സാഹചര്യങ്ങളാണ് ആശയത്തെ രൂപപ്പെടുത്തുന്നത്.

**ഭൗതികവാദം**

- ഭൗതിക ശക്തികളാണ് മാറ്റങ്ങളുണ്ടാക്കുന്നത്. (കാൾമാർക്സ്)
- ലോകത്തെ വ്യാഖ്യാനിക്കുകയല്ല, മറിച്ച് മാറ്റിമറിക്കുകയാണ് വേണ്ടത്.

7. A കോളത്തിന് അനുയോജ്യമായവ B കോളത്തിൽ നിന്നും കണ്ടെത്തി എഴുതുക.

(സ്കോർ 5)

| A | B |
|---|---|
| റവറന്റ് ഗ്രിഗോർ മെൻഡൽ | ഉത്തരാധുനികത |
| മാക്സ് പ്ലാങ്ക് | ആപേക്ഷിക സിദ്ധാന്തം |
| ആൽബർട്ട് ഐൻസ്റ്റീൻ | ജീവജാലങ്ങളുടെ ഉല്പത്തി |
| നോം ചോംസ്കി | ക്വാണ്ടം ബലതന്ത്രം |
| ചാൾസ് ഡാർവിൻ | ജനിതക ശാസ്ത്രം |

8. ഇരുപതാം നൂറ്റാണ്ടിലെ ശാസ്ത്രം സമൂഹത്തിൽ പ്രതിഫലനം സൃഷ്ടിച്ചു. പ്രസ്താവന വിലയിരുത്തുക. (സ്കോർ 3)

**ഉത്തരസൂചിക**

- ഇരുപതാം നൂറ്റാണ്ടിലെ ശാസ്ത്രം ജനങ്ങളുമായും വിജ്ഞാനശാഖകളുമായും ബന്ധപ്പെട്ടതാണ്.
- അണുവിഭജനം, സംയോജനം അവയുടെ പ്രയോഗം
- ശാസ്ത്രം സൈനികാവശ്യങ്ങൾക്ക് വേണ്ടി ഉപയോഗപ്പെടുത്തൽ

9. A കോളത്തിന് അനുയോജ്യമായവ B, C കോളങ്ങളിൽ നിന്നും കണ്ടെത്തി ക്രമപ്പെടുത്തുക. (സ്കോർ 4)

| A | B | C |
|---|---|---|
| പരിണാമ സിദ്ധാന്തം | റോബർട്ട് ബ്രൗണിംഗ് | ഇംഗ്ലണ്ട് |
| ഉത്തരാധുനികത | ലൂസിഗ്രേ | വില്യം വേഡ്സ്വർത്ത് |
| യഥാതഥ പ്രസ്ഥാനം | ചാൾസ് ഡാർവിൻ | ഫ്രഞ്ച് ചിന്തകൻ |
| കാല്പനിക പ്രസ്ഥാനം | മിക്കേൽ ഫുക്കോ | മനുഷ്യന്റെ അവതാരം |

***

# അധ്യായം 7

# ഇന്നത്തെ ഇന്ത്യ

സ്വാതന്ത്ര്യ ലബ്ധിയുടെ ആദ്യകാലത്ത് നമ്മുടെ രാജ്യം അഭിമുഖീകരിച്ച പ്രധാന പ്രശ്ന ങ്ങളും സ്വാതന്ത്ര്യ സമര കാലത്ത് ഇന്ത്യ ഉയർത്തിയ മുദ്രാവാക്യങ്ങൾ എത്രമാത്രം സാക്ഷാത്ക രിച്ചു - മുന്നേറുവാൻ കഴിയാത്ത മേഖലകൾ - ലോക രാജ്യങ്ങളുടെ ഇടയിൽ ഇന്ത്യയുടെ സ്ഥാനം - ലോകത്തുണ്ടായികൊണ്ടിരിക്കുന്ന മാറ്റങ്ങൾക്കനുസരിച്ച് നമ്മുടെ കാഴ്ചപ്പാടിലും പരിപാടികളിലും നയങ്ങളിലും ഉണ്ടായിക്കൊണ്ടിരിക്കുന്ന മാറ്റങ്ങൾ എന്നിവയും ഈ അദ്ധ്യായ ത്തിൽ ചർച്ചചെയ്യപ്പെടുന്നു.

**പാഠഭാഗം ചുരുക്കത്തിൽ**

- സ്വാതന്ത്ര്യത്തോടൊപ്പം വിഭജനവും വർഗ്ഗീയ ലഹളകളും ഇന്ത്യയിൽ സൃഷ്ടിച്ച പ്രശ്നങ്ങൾ
- നാട്ടുരാജ്യങ്ങളുടെ സംയോജനവും മറ്റു വിദേശ ശക്തികളെ പുറന്തള്ളലും.
- ഭാഷാ സംസ്ഥാനങ്ങളുടെ രൂപീകരണം
- പഞ്ചവത്സര പദ്ധതികൾ നമ്മുടെ രാഷ്ട്ര പുരോഗതിയിൽ ചെലുത്തിയ സ്വാധീനം
- ഇന്ത്യൻ ജനാധിപത്യത്തിന് നേരിടേണ്ടിവന്ന വെല്ലുവിളികൾ — അതിജീവിച്ചതിനെ ക്കുറിച്ചുള്ള ധാരണ.
- സ്വാതന്ത്ര്യത്തിന്റെ ആദ്യനാളുകളിലുണ്ടായ സാമ്പത്തിക അഭ്യന്തര വിദേശ നയങ്ങളിൽ നിന്നു പിൻക്കാലത്തുണ്ടായ മാറ്റങ്ങൾ തിരിച്ചറിയൽ

---

1. വിഭജിത ഇന്ത്യ എന്നത് സ്വാതന്ത്ര്യ സമരകാലഘട്ടത്തിലെ ലക്ഷ്യത്തിൽ നിന്നുള്ള വ്യതി ചലനമായിരുന്നുവോ? പരിശോധിക്കുക. OR ഇന്ത്യ വിഭജനത്തിലേക്ക് നയിച്ച സാഹച ര്യങ്ങളും അതിന്റെ അനന്തര ഫലങ്ങളും എന്തെല്ലാം?

**ഉത്തരസൂചിക**

- വ്യതിചലനമായിരുന്നു.
- കോൺഗ്രസ്സിന്റെയും ഗാന്ധിജിയുടെ സ്വപ്നം അഖണ്ഡഭാരതമായിരുന്നു.
- ഹിന്ദുമഹാസഭയുടെ ഹിന്ദുദേശീയവാദം
- ബ്രിട്ടീഷുകാരുടെ ഭിന്നിപ്പിച്ചുഭരിക്കൽ

- മൗണ്ട് ബാറ്റൺ പദ്ധതി
- വർഗ്ഗീയ ലഹളകൾ

2. സ്വതന്ത്ര ഇന്ത്യ ആദ്യകാലത്ത് നേരിട്ട വെല്ലുവിളികൾ എന്തെല്ലാം?

**ഉത്തരസൂചിക**

- വിഭജനവും വർഗ്ഗീയ ലഹളയും
- കാശ്മീർ, ജുനഗഡ്, ഹൈദരാബാദ് പ്രശ്നം
- അഭയാർത്ഥി പ്രശ്നം
- ഇന്ത്യ-ചൈന യുദ്ധം
- സംസ്ഥാന പുന:സംഘടന

3. ഇന്ത്യയിൽ ഭാഷാടിസ്ഥാനത്തിലാണ് സംസ്ഥാനങ്ങൾ രൂപീകരിക്കേണ്ടത് എന്ന ചിന്താഗതിവരാനിടയായ സാഹചര്യം എന്തായിരുന്നു?

**ഉത്തരസൂചിക**

- ആശയവിനിമയത്തിന് ഭാഷയ്ക്കുള്ളപ്രാധാന്യം.
- സംസ്കാര രൂപീകരണത്തിന്റെ അടിത്തറയാണ് ഭാഷ

4. സ്വതന്ത്ര ഇന്ത്യ കൃഷി, വ്യവസായ, ശാസ്ത്രസാങ്കേതികം, വിദ്യാഭ്യാസം എന്നീ മേഖലകളിൽ കൈവരിച്ച നേട്ടങ്ങളെക്കുറിച്ച് വിവരിക്കുക.

**ഉത്തരസൂചിക**

***കൃഷി***

- ഭക്ഷ്യക്ഷാമം പരിഹരിക്കുന്നതിന് സ്വീകരിച്ചു
- ഭൂവുടമസ്ഥയിൽ മാറ്റങ്ങൾ വരുത്തി
- ഹരിത വിപ്ലവം നടപ്പിലാക്കി
- അണക്കെട്ടുകൾ നിർമ്മിച്ചു
- ഉല്പാദനം ഗണ്യമായി വർദ്ധിച്ചു.
- 1951-ൽ പഞ്ചവത്സര പദ്ധതികൾ ആരംഭിച്ചു.

***വ്യവസായം***

- പൊതുമേഖലയ്ക്ക് പ്രാധാന്യം നൽകി
- വിദേശസഹായത്തോടെ 4 ഇരുമ്പുരുക്ക് വ്യവസായശാലകൾ ആരംഭിച്ചു.

*ശാസ്ത്രഗവേഷണം*

- ബോംബെയിലെ ടാറ്റാ ഇൻസ്റ്റിറ്റ്യൂട്ട് വികസിപ്പിച്ചു.
- ശാസ്ത്രഗവേഷണ സമിതി രൂപീകരിച്ചു.
- ബഹിരാകാശ ഗവേഷണ സമിതി
- ISRO സ്ഥാപിച്ചു

*വിദ്യാഭ്യാസം*

- വിദ്യാഭ്യാസ അവകാശനിയമം നടപ്പിലാക്കി
- SSA, RMSA, NCERT, UGC ഇവ വിദ്യാഭ്യാസ മേഖലയിൽ വരുത്തി.
- സർജന്റ് കമ്മീഷന്റെ നിർദ്ദേശങ്ങൾ കേന്ദ്ര സർക്കാർ സ്വീകരിച്ചു.

5. ഇന്ത്യയുടെ വിദേശ നയത്തെക്കുറിച്ച് കുറിപ്പ് തയ്യാറാക്കുക

**ഉത്തരസൂചിക.**

- സ്വതന്ത്ര വിദേശനയം
- ചേരിചേരാ നയം
- പഞ്ചശീല തത്വങ്ങൾ
- അന്തർദേശീയ സമാധാനവും സുരക്ഷിതത്വവും
- കാശ്മീർ പ്രശ്നം, ഇന്ത്യ-പാക്യുദ്ധം, ഇന്ത്യ-ചൈനയുദ്ധം

6. 1971-ൽ അധികാരത്തിൽ വന്ന ഇന്ദിരാഗാന്ധിയുടെ ഗവൺമെന്റ് കൈകൊണ്ട സുപ്രധാന തീരുമാനങ്ങൾ എന്തൊക്കെ?

**ഉത്തരസൂചിക**

- പ്രിവിപ്പേഴ്സ് നിർത്തലാക്കി
- 14 ബാങ്കുകൾ ദേശസാൽക്കരിച്ചു
- ഇൻഷുറൻസ്, ഖനികൾ എന്നിവ ദേശസാൽക്കരിച്ചു
- 1975ൽ അടിയന്തിരാവസ്ഥ പ്രഖ്യാപിച്ചു.

7. ഇന്ത്യൻ കാർഷിക മേഖലയിൽ ഹരിതവിപ്ലവത്തിന്റെ പങ്ക് പരിശോധിക്കുക.

**ഉത്തരസൂചിക**

- ആധുനിക കൃഷിരീതി

- അത്യുൽപാദന ശേഷിയുള്ള വിത്തിനങ്ങൾ
- കാർഷിക ഗവേഷണ കേന്ദ്രങ്ങൾ കയറ്റുമതി വർദ്ധിപ്പിച്ചു.

8. A കോളത്തിലുള്ളവ B കോളത്തിലുള്ളവയുമായി ചേർത്ത് എഴുതുക.

| A | B |
|---|---|
| ഇന്ത്യവിഭജനം | വി.പി. മേനോൻ |
| നാട്ടുരാജ്യങ്ങളുടെ സംയോജനം | മൗണ്ട് ബാറ്റൺ |
| പഞ്ചവത്സര പദ്ധതി | പോറ്റിരാമലു (ഫസൽ അലി) |
| ഭാഷാസംസ്ഥാന രൂപീകരണം | കറാച്ചി പ്രമേയം |

***

## അധ്യായം 8

# കേരളപുതുമ

കേരളത്തിലെ നാട്ടുരാജ്യങ്ങൾ ബ്രിട്ടീഷ് അധീനതയിലായത് എങ്ങനെയെന്നും സാമ്രാജ്യത്വത്തിൽ ജനങ്ങൾ അനുഭവിച്ച ദുരിതങ്ങൾ - ആധുനിക വിദ്യാഭ്യാസം സൃഷ്ടിച്ച നവോത്ഥാന ആശയങ്ങൾ അത് സ്വാതന്ത്ര്യസമരത്തിൻ നൽകിയ ഊർജ്ജം- കേരള സംസ്ഥാന രൂപീകരണം- വിവിധ മേഖലകളിൽ കേരളം ആർജ്ജിച്ച പുരോഗതി അവ ഇന്ന് നേരിടുന്ന വെല്ലുവിളിൽ എന്നിവ ഈ യൂണിറ്റിൽ ചർച്ചചെയ്യപ്പെടുന്നു.

**പാഠഭാഗം ചുരുക്കത്തിൽ**

- കേരളം ബ്രിട്ടീഷ് അധീനതയിൽ
- ബ്രിട്ടീഷ് ജനവിരുദ്ധനയങ്ങൾക്കെതിരെ ആദ്യകാല ചെറുത്തു നിൽപ്പുകൾ
- മലബാറിലെ കർഷക കലാപങ്ങൾ - കാരണങ്ങൾ
- കേരളത്തിലെ വിദ്യാഭ്യാസ ആരോഗ്യ മേഖലകളുടെ പുരോഗതിയും അതിന്റെ അടിസ്ഥാന കാരണങ്ങളും.
- കേരളത്തിലെ നവോത്ഥാന നായകർ - ശ്രമങ്ങൾ
- കേരള സംസ്ഥാന രൂപീകരണം - ജന ജീവിതത്തിലുണ്ടായ മാറ്റം

---

1. ചുവടെ തന്നിട്ടുള്ളവയെ കാലഗണന ക്രമത്തിലാക്കുക.

- ഗുരുവായൂർ സത്യാഗ്രഹം
- ക്ഷേത്രപ്രവേശന വിളംബരം
- കുണ്ടറ വിളംബരം
- മലബാർ ലഹള
- പുന്നപ്ര വയലാർ സമരം (സ്കോർ 5)

**ഉത്തരസൂചിക**

- കുണ്ടറവിളംബരം - 1809
- മലബാർ ലഹള - 1921
- ഗുരുവായൂർ സത്യാഗ്രഹം - 1931
- ക്ഷേത്രപ്രവേശന വിളംബരം - 1936
- പുന്നപ്രവയലാർ സമരം - 1946

2. കേരളത്തിൽ ബ്രിട്ടീഷുകാർക്കതിരായി നടന്ന ചെറുത്തുനിൽപ്പ് സമരങ്ങളെ വിലയിരുത്തുക?

**ഉത്തരസൂചിക**

- പഴശ്ശിരാജ
- വേലുത്തമ്പി ദളവ
- കുറിച്യർ കലാപം

ഇവരുടെ ചെറുത്തുനിൽപ്പുകൾ

3. സംസ്ഥാന രൂപീകരണത്തിനുശേഷം കേരളം കൈവരിച്ച പ്രധാനപ്പെട്ട ഏതെങ്കിലും 3 നേട്ടങ്ങൾ വിശദീകരിക്കുക. (സ്കോർ 3)

**ഉത്തരസൂചിക**

- ഭൂപരിഷ്ക്കരണം
- വിദ്യാഭ്യാസം
- ആരോഗ്യം

4. കേരളം, ഇംഗ്ലീഷ് ഈസ്റ്റിന്ത്യ കമ്പനിക്കു കീഴിലായതെങ്ങനെയെന്നു വിവരിക്കുക?

**ഉത്തരസൂചിക**

- ശ്രീരംഗപട്ടണം സന്ധി - മലബാർ അധീനതയിലേക്ക്
- സൈനിക സഹായ വ്യവസ്ഥ
- തിരു-കൊച്ചി സംസ്ഥാനങ്ങൾ അധീനതയിലേക്ക്

5. ബ്രിട്ടീഷുകാർ കേരളത്തിൽ നടപ്പാക്കിയ നികുതി നയങ്ങൾ ബ്രിട്ടീഷ് മേധാവിത്വത്തിനെതിരായ ജനകീയ മുന്നേറ്റങ്ങളിലേക്കു നയിച്ചതെങ്ങനെയെന്ന് വിശദമാക്കുക. (സ്കോർ 3)

**ഉത്തരസൂചിക**

- രാജാധികാരം വെട്ടിക്കുറച്ചു.
- നികുതിപ്പിരിവിന് പുതിയ ഉദ്യോഗസ്ഥരെ നിയമിച്ചു.
- നികുതി പിരിവിന്റെ അധികാരം മാറ്റി.

6. ബ്രിട്ടീഷുകാർ നടപ്പാക്കിയ ഭൂനികുതി നയങ്ങൾ കേരളത്തിലെ ഗ്രാമീണ ജീവിതത്തിലുണ്ടാക്കിയ പ്രയാസങ്ങളിൽ ഏതെങ്കിലും 2 എണ്ണം വിശദമാക്കുക. (സ്കോർ 4)

**ഉത്തരസൂചിക**

- കുടിയാന്മാരുടെ നില ദയനീയമായി
- ബ്രിട്ടീഷ് സർക്കാർ, ജന്മിമാർ, പോലീസ്, കോടതിയും ചേർന്ന് കൃഷിക്കാരെ ദ്രോഹിച്ചു.

7. മലബാറിലെ കർഷകരെ കലാപങ്ങളിലേക്ക് നയിച്ച സാഹചര്യങ്ങൾ വിലയിരുത്തുക.
(സ്കോർ 3)

**ഉത്തരസൂചിക**

- ടിപ്പുവിന്റെ ആക്രമണം
- ജന്മി-നാടുവാഴി വിഭാഗത്തോടുള്ള വിധേയത്വം
- അമിതമായ പാട്ടം ചുമത്തിയത്.
- ഭിന്നിപ്പിച്ചു ഭരിക്കുക എന്ന തന്ത്രം.

8. പണ്ടാരപ്പാട്ട വിളംബരവും ജന്മികുടിയാൽ വിളംബരവും ഭൂവുടമസ്ഥതയിൽ വരുത്തിയ മാറ്റങ്ങൾ എന്തൊക്കെയായിരുന്നു. OR പണ്ടാരപ്പാട്ട വിളംബരവും ജന്മികുടിയാൻ വിളംബരവും കർഷകരെ പ്രതികൂലമായി ബാധിച്ചതെങ്ങനെയെന്ന് വിവരിക്കുക. (സ്കോർ 3)

**ഉത്തരസൂചിക**

- 2 വിളംബര പ്രകാരവും യഥാർത്ഥ കർഷകൻ ഭൂമിയിൽ ഉടമസ്ഥാവകാശം ലഭിച്ചില്ല
- കുടിയാന്മാരിൽ നിന്ന് ജന്മിമാർ കൂടുതൽ പാട്ടം ഈടാക്കി.
- കൃഷിചെയ്യുന്നവനെ ഭൂമിയിൽ നിന്നും പുറത്താക്കാൻ ജന്മിമാർ നടപടികൾ തുടങ്ങി.

9. മിഷണറിമാരുടെ വരവ് കേരളത്തിലെ വിദ്യാഭ്യാസ പുരോഗതിക്ക് കാരണമായതെങ്ങനെയെന്ന് വിവരിക്കുക. (സ്കോർ 3)

- പാശ്ചാത്യ മാതൃകയിലുള്ള വിദ്യാലയങ്ങൾ
- പുസ്തകങ്ങൾ അച്ചടിച്ചിറക്കി
- ലണ്ടൻ മിഷൻ സൊസൈറ്റി പോലുള്ള സംഘങ്ങൾ

10. നവോത്ഥാന നായകന്മാരുടെ പ്രവർത്തനങ്ങളെ വിലയിരുത്തി അവ ആധുനിക കേരള സമൂഹത്തെ രൂപപ്പെടുത്തുന്നതിൽ വഹിച്ച പങ്ക്? വിലയിരുത്തുക. (സ്കോർ 3)

**ഉത്തരസൂചിക**

- സാമൂഹ്യമാറ്റങ്ങൾക്ക് നേതൃത്വം നൽകി
- നവോത്ഥാന നായകർ നടത്തിയ പ്രവർത്തനങ്ങൾ
- അന്ധവിശ്വാസം, ജാതീയത തുടങ്ങിയവയ്ക്കെതിരായ പോരാട്ടങ്ങൾ

11. കേരളത്തിൽ സാമൂഹ്യപരിവർത്തനത്തിനായി നടന്ന ഏതെങ്കിലും ഒരു പ്രക്ഷോഭത്തെക്കുറിച്ച് വിവരിക്കുക. (സ്കോർ 3)

**ഉത്തരസൂചിക**

- വൈക്കം സത്യാഗ്രഹം
- ഗുരുവായൂർ സത്യാഗ്രഹം
- വഴി നടക്കാനുള്ള സ്വാതന്ത്ര്യം, ആരാധന സ്വാതന്ത്ര്യം

12. കേരളത്തിലെ ദേശീയപ്രസ്ഥാനത്തെക്കുറിച്ച് ചുരുക്കി വിവരിക്കുക.

**Or**

ദേശീയ പ്രസ്ഥാനത്തിന്റെ ഭാഗമായി കേരളത്തിൽ നടന്ന സ്വാതന്ത്ര്യസമര മുന്നേറ്റങ്ങളെക്കുറിച്ച് വിവരിക്കുക. (സ്കോർ 6)

**ഉത്തരസൂചിക**

- ഒറ്റപ്പാലം-കോൺഗ്രസ് സമ്മേളനം
- നാഗ്പൂർ സമ്മേളനം
- നിയമലംഘനം
- കയ്യൂർ-പുന്നപ്ര വയലാർ

13. ഐക്യകേരള സംസ്ഥാനം ശക്തിപെടാനിടയാക്കിയ സാഹചര്യങ്ങളെക്കുറിച്ച് വിവരിക്കുക.

**Or**

കേരള സംസ്ഥാന രൂപീകരണത്തിന്റെ വിവിധ ഘട്ടങ്ങൾ വിശകലനം ചെയ്യുക. (സ്കോർ 6)

**ഉത്തരസൂചിക**

1920 – നാഗ്പൂർ സമ്മേളനം

1921 – തിരു-കൊച്ചി, മലബാർ–

1928 – പയ്യന്നൂർ കോൺഗ്രസ് സമ്മേളനം

1947 – ഐക്യകേരള കൺവെൻഷൻ

1949 – തിരുകൊച്ചി

1956 – കേരള സംസ്ഥാനം രൂപീകൃതമായി

***

# അധ്യായം 9

# ദേശീയോദ്ഗ്രഥനം

മനുഷ്യന്റെ ഏറ്റവും വലിയ കൂട്ടായ്മകളിൽ ഒന്ന് ദേശമാണെന്നും, ഇന്ത്യ എന്ന ദേശത്തിൽ നിരവധി വൈജാത്യങ്ങൾ നിലനിൽക്കുമ്പോഴും ഏകത്വം നിലനിൽക്കുന്നു എന്നും, അതിനിടയാക്കുന്ന ഘടകങ്ങളെ എങ്ങനെ ശക്തിപ്പെടുത്താമെന്നും ഈ യൂണിറ്റിലൂടെ ചർച്ചചെയ്യപ്പെടുന്നു.

**പാഠഭാഗം ചുരുക്കത്തിൽ**

- ഇന്ത്യ എന്ന ദേശം
- ഇന്ത്യൻ ദേശീയത രൂപപ്പെടുന്നതിന് സഹായിച്ച വിവിധ ഘടകങ്ങൾ
- ദേശീയോദ്ഗ്രഥനം - അത് നേരിടുന്ന വെല്ലുവിളികൾ പരിഹാരമാർഗ്ഗങ്ങൾ

---

1. സമൂഹം, സമുദായം ഇവ തമ്മിലുള്ള വ്യത്യാസം കണ്ടെത്തിയെഴുതുക. (സ്കോർ 2)

**ഉത്തരസൂചിക**

- സമൂഹമെന്നാൽ സാമൂഹ്യബന്ധങ്ങൾ - ഭൂപ്രദേശത്തിന് അതിർത്തി നിർണ്ണയിക്കുന്നില്ല.
- സമുദായമെന്നാൽ ഒരു നിശ്ചിത ഭൂപ്രദേശത്ത് പരസ്പരം ഇടപഴകി കഴിയുന്ന ജനങ്ങൾ - നിശ്ചിത അതിർത്തി ഉണ്ട്.

2. രാഷ്ട്രം, ദേശരാഷ്ട്രം ഇവ തമ്മിലുള്ള വ്യത്യാസം താരതമ്യം ചെയ്യുക. (സ്കോർ 4)

**ഉത്തരസൂചിക**

**രാഷ്ട്രം**

ഒരു പ്രദേശത്തെ ജനത ഐക്യബോധത്തോടെ രാഷ്ട്രീയ രൂപം സൃഷ്ടിച്ച് തങ്ങളുടെ രാഷ്ട്രീയ ഭാഗധേയം നിർണ്ണയിക്കുന്നു.

**ദേശരാഷ്ട്രം**

വ്യക്തികൾക്ക് ദേശീയബോധം ഉണ്ടാവുമ്പോൾ രൂപംകൊള്ളുന്ന രാഷ്ട്രീയ സമാജമാണ്.

**സവിശേഷതകൾ**

അംഗത്വം, നിയമാവലി, പൗരത്വം, രാഷ്ട്രീയ സംവിധാനം

3. ഇന്ത്യ ഒരു മതനിരപേക്ഷ രാജ്യമാണ്. മതനിരപേക്ഷതയുടെ പ്രധാന സവിശേഷതകൾ കണ്ടെത്തുക. (സ്കോർ 3)

**ഉത്തരസൂചിക**

- ഇന്ത്യയ്ക്ക് ദേശീയ മതമില്ല
- എല്ലാ മതങ്ങൾക്കും ആചാരാനുഷ്ഠാനങ്ങൾക്ക് അവകാശമുണ്ട്.
- എല്ലാ മതങ്ങളെയും തുല്യമായി പരിഗണിക്കുന്നു.

4. ദേശിയോദ്ഗ്രഥനത്തിന് അനിവാര്യമായ മൂന്ന് അടിസ്ഥാന ഘടകങ്ങൾ ഏതൊക്കെയെന്ന് കണ്ടെത്തി അവയുടെ സ്വാധീനം വ്യക്തമാക്കുക. (സ്കോർ 6)

**ഉത്തരസൂചിക**

- ഘടനാപരമായ സമത്വം - സാംസ്കാരികമായ ഐക്യം - ആശയപരമായ ഒരുമ

5. ദേശീയോദ്ഗ്രഥനം എന്തെന്ന് വ്യക്തമാക്കി ഇന്ത്യൻ ദേശീയോദ്ഗ്രഥനം നേരിടുന്ന വെല്ലുവിളികൾ ഏതൊക്കെയെന്ന് സൂചിപ്പിച്ച് ഏതെങ്കിലും ഒന്ന് പരിഹരിക്കാനുള്ള നിർദ്ദേശങ്ങൾ നൽകുക. (സ്കോർ 6)

**ഉത്തരസൂചിക**

ഇന്ത്യയെ ഏകാത്മക സമൂഹമായി നിലനിർത്തുകയും രാജ്യത്തെ ശിഥിലമാക്കുന്ന എല്ലാ ശക്തികളെയും ചെറുക്കുകയുമാണ്.

പ്രാദേശിക വാദം, ജാതീയത, ഭാഷാവാദം, വർഗ്ഗീയത തുടങ്ങിയവ ഏതെങ്കിലും ഒന്നിനെക്കുറിച്ചുള്ള പരിഹാരനിർദ്ദേശം.

6. പത്തൊമ്പതാം നൂറ്റാണ്ടിന്റെ ചില സവിശേഷ സാഹചര്യത്തിലാണ് ഇന്ത്യൻ ദേശീയത രൂപപ്പെട്ടത്. അത് രൂപപ്പെടുന്നതിൽ സഹായകമായ ഘടകങ്ങളേവ? വിശദമാക്കുക. (സ്കോർ 6)

**ഉത്തരസൂചിക**

- ചരിത്രപരമായ ഘടകങ്ങൾ
- ഭൂമിശാസ്ത്രപരം
- സാംസ്കാരികം
- സാമൂഹ്യഘടകങ്ങൾ

7. ഇന്ത്യയുടെ ഒരു സവിശേഷതയാണ് 'നാനാത്വത്തിൽ ഏകത്വം' പ്രസ്താവന വിലയിരുത്തുക. (സ്കോർ 2)

**ഉത്തരസൂചിക**

- സംസ്കാരം വൈവിധ്യപൂർണ്ണമാണ് (വേഷം, ഭാഷ, ആചാരങ്ങൾ, അനുഷ്ഠാനങ്ങൾ, വിശ്വാസങ്ങൾ)
- സാംസ്കാരിക ഘടകങ്ങളാണ് ഐക്യബോധമുണ്ടാക്കുന്നത്.

8. ഇന്ത്യ ഒരു വംശമ്യൂസിയമാണ് എന്ന കാഴ്ചപ്പാടിനോടുള്ള നിങ്ങളുടെ പ്രതികരണമെന്ത്? (സ്കോർ 3)

**ഉത്തരസൂചിക**

- നീഗ്രിറ്റോ, മംഗളോയിഡ്, മെഡിറ്ററേനിയൻ തുടങ്ങി നിരവധി വംശജർ ഇന്ത്യയിൽ പ്രവർത്തിച്ചിരുന്നു.
- പടിഞ്ഞാറിൽ നിന്നും കുടിയേറിയവരിൽ ആര്യൻ ഭാഷ സംസാരിക്കുന്നവരും ഉൾപ്പെടുന്നു.
- ഇന്ത്യയിൽ കുടിയേറിയവരുടെയും ഇന്ത്യയിലെ ആദിവാസികളുടെയും പിൻമുറക്കാരാണ് നാം.

***

## അധ്യായം 10

# ജനാധിപത്യം

ജനാധിപത്യം ഒരു ഭരണക്രമം മാത്രമല്ല ഒരു ജീവിതരീതിയും സംസ്കാരവുമാകുന്നു. എന്നാൽ അതിന്റെ വളർച്ചയോടൊപ്പം ജീർണ്ണതകളും വളരുന്നത് നമ്മെ ആശങ്കാകുലരാക്കുന്നു. ഇത്തരം ജീർണ്ണതകൾക്കെതിരെ ശക്തമായ നിയമങ്ങളും നിയന്ത്രണങ്ങളും ഉണ്ടെങ്കിലും അവ പലപ്പോഴും ജനാധിപത്യവിരുദ്ധമാകുന്നു. ജനാധിപത്യം നേരിടുന്ന വെല്ലുവിളികൾ തിരിച്ചറിഞ്ഞ് അവയെ പ്രതിരോധിക്കാനും ജനാധിപത്യം ശക്തിപ്പെടുത്തേണ്ടതിന്റെ ആവശ്യകത ബോധ്യപ്പെടുത്താനും ഈ യൂണിറ്റ് ലക്ഷ്യമിടുന്നു.

### പാഠഭാഗം ചുരുക്കത്തിൽ

ജനാധിപത്യം - പ്രതിപക്ഷജനാധിപത്യം, പരോക്ഷജനാധിപത്യം, ജനാധിപത്യത്തിന്റെ മേന്മകളും പോരായ്മകളും, ജനാധിപത്യത്തിന്റെ മുന്നൊരുക്കങ്ങൾ, പ്രത്യക്ഷ ജനാധിപത്യ മാർഗ്ഗങ്ങൾ - ജനാധിപത്യം നേരിടുന്ന വെല്ലുവിളികൾ.

1. ജനാധിപത്യത്തിന്റെ വകഭേദങ്ങളായ പ്രത്യക്ഷജനാധിപത്യവും പരോക്ഷജനാധിപത്യവും താരതമ്യം ചെയ്ത് പട്ടികപ്പെടുത്തുക. (സ്കോർ 2)

**ഉത്തരസൂചിക**

| പ്രത്യക്ഷ ജനാധിപത്യം | പരോക്ഷജനാധിപത്യം |
|---|---|
| - എല്ലാ പൗരന്മാർക്കും ഭരണത്തിൽ നേരിട്ട് പങ്കാളിത്തം | - ജനപ്രധിനിധികൾ ഭരിക്കുന്നു. |
| - നീതിയും ന്യായവും ജനങ്ങൾ നടപ്പിലാക്കിയിരുന്നു. | - സ്ഥിരമായ നീതിപീഠം |

2. ജനാധിപത്യത്തിന്റെ മേന്മകളും പോരായ്മകളും എഴുതുക (സ്കോർ 4)

| മേന്മകൾ | പോരായ്മകൾ |
|---|---|
| i. പൊതുതിരഞ്ഞെടുപ്പ് | i. എണ്ണത്തിന് പ്രാധാന്യം, കഴിവിനല്ല |
| ii. വ്യക്തിസ്വാതന്ത്ര്യം അംഗീകരിക്കൽ | ii. ദിശാബോധമില്ലാത്ത കക്ഷിരാഷ്ട്രീയം |
| iii. നിയമവാഴ്ച | iii. പ്രാഗൽഭ്യം കുറഞ്ഞവരുടെ ഭരണക്രമം |
| iv. ഭരണസുതാര്യത | iv. പണച്ചെലവുള്ള സംവിധാനം |

3. ജനാധിപത്യത്തെ ശക്തിപ്പെടുത്തുന്നതിൽ രാഷ്ട്രീയ സ്വാതന്ത്ര്യത്തിനും സ്വതന്ത്രമാധ്യമങ്ങൾക്കുമുള്ള പങ്ക് വിലയിരുത്തുക (സ്കോർ 4)

**ഉത്തരസൂചിക**

i. വ്യക്തികൾക്ക് അഭിപ്രായ സ്വാതന്ത്ര്യം, സംഘടനാ സ്വാതന്ത്ര്യം, വിമർശിക്കാനുള്ള സ്വാതന്ത്ര്യം

ii. മാധ്യമങ്ങൾ ജനാധിപത്യ വിരുദ്ധ പ്രവർത്തനങ്ങൾ തുറന്നുകാട്ടുന്നു - അഴിമതി, തീവ്രവാദം, സ്വജനപക്ഷപാതം

- ജനാധിപത്യത്തിന്റെ ആശയങ്ങളും ഭരണകൂടത്തിന്റെ പ്രവർത്തനങ്ങളും ജനങ്ങളിൽ എത്തിക്കുന്നു.

4. സാമ്പത്തികാസമത്വവും ദാരിദ്ര്യവും ഇല്ലാതാക്കാനായി ഗവൺമെന്റ് പല സാമൂഹ്യ സുരക്ഷാപദ്ധതികളും ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നു. അത്തരത്തിലുള്ള ഏതെങ്കിലും 2 പദ്ധതികൾ എഴുതുക. (സ്കോർ 2)

**ഉത്തരസൂചിക**

i. പൊതുവിതരണ സമ്പ്രദായം

ii. തൊഴിലില്ലായ്മ വേതനം

iii. വാർദ്ധക്യകാല പെൻഷൻ, വിധവാ പെൻഷൻ

iv. സമ്പൂർണ്ണ ആരോഗ്യ ഇൻഷൂറൻസ്

v. പൊതുജനാരോഗ്യകേന്ദ്രങ്ങള്

vi. വിവിധ മേഖലകളിലെ സംവരണം

5. ഇന്ത്യൻ ജനാധിപത്യം നേരിടുന്ന ഏതെങ്കിലും 2 വെല്ലുവിളികൾ തിരിച്ചറിഞ്ഞ് അവയ്ക്ക് പരിഹാരം നിർദ്ദേശിക്കുക. (സ്കോർ 4)

**ഉത്തരസൂചിക**

വർദ്ധിച്ചുവരുന്ന ജനസംഖ്യ, നിരക്ഷരത, പ്രാദേശിക അസമത്വം, സാമൂഹ്യവും സാമ്പത്തികവുമായ അസമത്വം, ഭാഷാവാദം, വർഗ്ഗീയത, ജാതീയത, തീവ്രവാദം, വിഘടനവാദം (ഏതെങ്കിലും 2 വെല്ലുവിളികളും അവയ്ക്കുള്ള പരിഹാരവും നിർദ്ദേശിക്കുക.)

6. ജനാധിപത്യം ഒരു ജീവിത രീതിയായി പിന്തുടരേണ്ട സാഹചര്യങ്ങൾ എഴുതുക. (സ്കോർ 2)

**ഉത്തരസൂചിക**

i. മറ്റുള്ളവരുടെ അഭിപ്രായത്തെ ബഹുമാനിക്കുക.

ii. എല്ലാ വ്യക്തികളെയും തുല്ല്യരായി കാണുക.

iii. നയമവാഴ്ച അംഗീകരിക്കുക.

iv. മറ്റുള്ളവരുടെ വിശ്വാസങ്ങളോടും ആചാരങ്ങളോടും സഹിഷ്ണുത പുലർത്തുക.

7. പ്രത്യക്ഷ ജനാധിപത്യ മാർഗ്ഗങ്ങൾ ഏതെല്ലാം? ഏതെങ്കിലും 2 എണ്ണത്തെക്കുറിച്ച് ഒരു ലഘുകുറിപ്പ് എഴുതുക. (സ്കോർ 4)

**ഉത്തരസൂചിക**

i. ഹിതപരിശോധന

ii. തിരിച്ചുവിളിക്കൽ

iii. ജനഹിത പരിശോധന

iv. അഭിക്രമം

രണ്ട് മാർഗ്ഗങ്ങൾ എഴുതുന്നതിന് 2 സ്കോർ

വിശദീകരിക്കുന്നതിന് 2 സ്കോർ, ആകെ സ്കോർ 4

8. ജനാധിപത്യത്തെ ദുർബലപ്പെടുത്തുന്ന അഴിമതി, സ്വജനപക്ഷപാതം എന്നിവ പരിഹരിക്കുന്നതിന് ഹിതപരിശോധന, തിരിച്ച് വിളിക്കൽ എന്നീ ജനാധിപത്യ മാർഗ്ഗങ്ങൾ പ്രയോജനപ്പെടുമോ? പരിശോധിക്കുക. (സ്കോർ 2)

**ഉത്തരസൂചിക**

i. പക്ഷപാതമായി നിയമനിർമ്മാണം നടന്നാൽ അതിൽ വോട്ടെടുപ്പിലൂടെ ജനാഭിപ്രായം പ്രകടിപ്പിക്കുന്നു.

ii. ജനപ്രതിനിധികൾ അഴിമതിക്കാരായത് കാലാവധിക്കുമുമ്പേ തിരിച്ചുവിളിക്കാൻ അവസരം.

***

## യൂണിറ്റ് 11

# മനുഷ്യാവകാശങ്ങൾ

മനുഷ്യാവകാശങ്ങളുടെ വർദ്ധിച്ചുവരുന്ന പ്രസക്തിയും ലംഘനങ്ങളുടെ അവസ്ഥകളും തിരിച്ചറിയാനും അവകാശങ്ങൾ സ്ഥാപിച്ചെടുക്കാനുള്ള മാർഗ്ഗങ്ങൾ അറിയാനും, മനുഷ്യാവകാശ ലംഘനങ്ങൾക്കെതിരെ സ്വന്തം നിലയിൽ പ്രതികരിക്കാനും കുട്ടികളെ പ്രാപ്തരാക്കുക എന്നതാണ് ഈ യൂണിറ്റിലൂടെ ലക്ഷ്യമിടുന്നത്.

**പാഠഭാഗം ചുരുക്കത്തിൽ**

- മനുഷ്യാവകാശങ്ങൾ - നാൾവഴികൾ
- സാർവ്വദേശീയ മനുഷ്യാവകാശ പ്രഖ്യാപനം
- കുട്ടികളുടെയും സ്ത്രീകളുടെയും അവകാശങ്ങൾ
- മനുഷ്യാവകാശ കമ്മീഷൻ, മനുഷ്യാവകാശവും സംഘടനകളും
- അവകാശങ്ങൾ, കടമകൾ

---

1. മനുഷ്യാവകാശങ്ങൾ ലംഘിക്കപ്പെടുന്ന അവസരങ്ങൾ ശ്രദ്ധയിൽപ്പെടുത്തുന്ന ചില പത്രവാർത്തകൾ ചുവടെ കൊടുക്കുന്നു.

പാലസ്തീൻ സ്കൂളുകൾക്കു നേരെ മിസൈൽ ആക്രമണം

എൻഡോസൾഫാൻ രോഗബാധിതർ കൂടുതലും കുട്ടികൾ

ആസ്ത്രേലിയയിൽ ഇന്ത്യൻ വിദ്യാർത്ഥികൾക്കുനേരെ ആക്രമണം

ഈ വാർത്തകളുടെ സഹായത്താൽ മനുഷ്യാവകാശങ്ങൾ എന്താണെന്ന് വിശദീകരിക്കുക. (സ്കോർ 3)

**ഉത്തരസൂചിക**

- വാർത്തകളിൽ ജീവിക്കാനുള്ള അവസരം നിഷേധിക്കപ്പെടുന്നതിനെ സൂചിപ്പിക്കുന്നു.
- ഓരോ വ്യക്തിക്കും അന്തസുറ്റ ജീവിതം നയിക്കുന്നതിനുള്ള മൗലികവും അനർഘവും

ആരാലും അന്യാധീനപ്പെടുത്താനാവാത്തതുമായ ജന്മസിദ്ധമായ അവകാശമാണ് മനുഷ്യാവകാശങ്ങൾ.

2. മനുഷ്യാവകാശ സംരക്ഷണത്തെ ഉയർത്തിപ്പിടിച്ച ഏതെങ്കിലും രണ്ട് വിപ്ലവങ്ങളുടെ പേരെഴുതുക. (സ്കോർ 2)

**ഉത്തരസൂചിക**

- അമേരിക്കൻ സ്വാതന്ത്ര്യപ്രഖ്യാപനം
- ഫ്രഞ്ച് വിപ്ലവം
- റഷ്യൻ വിപ്ലവം

3. സാർവ്വദേശീയ മനുഷ്യാവകാശ പ്രഖ്യാപനത്തിൽ പരാമർശിക്കുന്ന ഏതെങ്കിലും രണ്ട് അവകാശങ്ങൾ എഴുതുക. (സ്കോർ 2)

**ഉത്തരസൂചിക**

- സ്വാതന്ത്ര്യത്തോടെ ജീവിക്കാനുള്ള അവകാശം
- അടിമത്വത്തിൽ നിന്നുള്ള മോചനം
- നിയമത്തിന്റെ മുന്നിൽ തുല്യതയും നിയമപരിരക്ഷയും
- അഭിപ്രായത്തിനും ആശയപ്രകടനത്തിനുമുള്ള സ്വാതന്ത്ര്യം
- തുല്യജോലിക്ക് തുല്യവേതനം

4. കുട്ടികളുടെ അവകാശസംരക്ഷണത്തിന് സഹായകരമായ ഇന്ത്യയിലെ രണ്ട് നിയമങ്ങൾക്ക് ഉദാഹരണം കണ്ടെത്തുക. (സ്കോർ 2)

**ഉത്തരസൂചിക**

- വിദ്യാഭ്യാസ അവകാശനിയമം
- ബാലവേല നിരോധന നിയമം

5. “ഭക്ഷ്യസുരക്ഷാ ബിൽ പാർലമെന്റ് പാസാക്കി.” ഇന്ത്യാ ഗവൺമെന്റ് പാസാക്കിയ ഈ നിയമവും മനുഷ്യാവകാശവും തമ്മിൽ ബന്ധമുണ്ടോ? വിശദീകരിക്കുക. (സ്കോർ 3)

**ഉത്തരസൂചിക**

- ബന്ധം ഉണ്ട്. ഉദാഹരണം പട്ടിണി മരണങ്ങൾ

- ദാരിദ്ര്യം മൂലം നിഷേധിക്കുന്ന മനുഷ്യാവകാശ സംരക്ഷണത്തിന് ഇത് സഹായകരമാണ്.

6. മനുഷ്യാവകാശ സംരക്ഷണത്തിനുവേണ്ടി പ്രവർത്തിക്കുന്ന രണ്ട് ദേശീയ, അന്തർദേശീയ സംഘടനകൾക്ക് ഉദാഹരണം എഴുതുക. (സ്കോർ 2)

**ഉത്തരസൂചിക**

അന്തർദേശീയ സംഘടന (ആംനസ്റ്റി ഇന്റർനാഷണൽ ഹ്യൂമൻ റൈറ്റ്സ് വാച്ച്

ദേശീയ സംഘടന (സിറ്റിസൺ ഫോർ ഡെമോക്രസി, പീപ്പിൾസ് കൗൺസിൽ ഫോർ സോഷ്യൽ ജസ്റ്റിസ്.

7. മനുഷ്യാവകാശ സംരക്ഷണത്തിൽ മനുഷ്യാവകാശ കമ്മിഷീനുകൾ നടത്തിയ ഇടപെടലുകൾ എത്രമാത്രം ഫലപ്രദമായിരുന്നുവെന്ന് ഏതെങ്കിലും ഒരു ഉദാഹരണത്തിന്റെ അടിസ്ഥാനത്തിൽ വിശദീകരിക്കുക. (സ്കോർ 3)

ഉത്തരസൂചിക

- ഒരു പരിധിവരെ ഫലപ്രദമാകുന്നു.
- കുട്ടികൾ നേരിടുന്ന പീഢനം - ഇടപെടലുൾ
- എൻഡോസൾഫാൻ പ്രശ്നത്തിലുള്ള ഇടപെടലുകൾ

8. ചുവടെ കൊടുത്തിരിക്കുന്ന പ്രസ്താവന പരിശോധിച്ച് നിഷേധിക്കപ്പെടുന്ന അവകാശങ്ങൾ കണ്ടെത്തുക.
   a. മരുന്നും ചികിത്സയും കിട്ടാതെ നവജാതശിശു മരിച്ചു.
   b. ഗാർഹിക പീഢനം - വീട്ടമ്മ മരിച്ചു.
   c. മസാലപ്പൊടിയിൽ മായം (സ്കോർ 3)

**ഉത്തരസൂചിക**

a. കുട്ടികളുടെ അവകാശം
b. സ്ത്രീകളുടെ അവകാശം
c. ഉപഭോക്താവിന്റെ അവകാശം

9. സ്ത്രീകളുടെ അവകാശസംരക്ഷണത്തിന് ഇന്ത്യയിൽ നിലവിലുള്ള രണ്ട് നിയമങ്ങൾക്ക് ഉദാഹരണം എഴുതുക. ഈ നിയമങ്ങൾ സ്ത്രീകളുടെ അവകാശസംരക്ഷണത്തിന് എത്രമാത്രം ഫലപ്രദമാണെന്ന് വിലയിരുത്തുക. (സ്കോർ 4)

**ഉത്തരസൂചിക**

- ഗാർഹിക പീഢനങ്ങളിൽ നിന്നും സ്ത്രീകൾക്ക് സംരക്ഷണം നൽകുന്ന നിയമം, തൊഴിലിടങ്ങളിലെ സംരക്ഷണം
- നിയമങ്ങൾ ഒരുപരിധിവരെ ഫലപ്രദം
- സ്ത്രീകളുടെ അവകാശ ലംഘനം തുടരുന്നു എന്നത് യഥാർത്ഥ്യവുമാണ്.

10. ചുവടെ കൊടുത്തിരിക്കുന്ന അവകാശങ്ങളെ ഉചിതമായ രീതിയിൽ തരംതിരിച്ചെഴുതുക.

(സ്കോർ 2)

a. സ്ത്രീപുരുഷ തുല്യതയ്ക്കുള്ള അവകാശം
b. കുട്ടികളുടെ വ്യക്തിത്വ സംരക്ഷണം
c. വിദ്യാഭ്യാസത്തിനുള്ള അവകാശം
d. ഗാർഹിക പീഢനത്തിൽ നിന്നുള്ള സംരക്ഷണം

**ഉത്തരസൂചിക**

| **സ്ത്രീകളുടെ അവകാശങ്ങൾ** | **കുട്ടികളുടെ അവകാശങ്ങൾ** |
|---|---|
| a. സ്ത്രീ-പുരുഷ തുല്യതയ്ക്കുള്ള അവകാശം | b. കുട്ടികളുടെ വ്യക്തിത്വ സംരക്ഷണം |
| d. ഗാർഹിക പീഢനത്തിൽ നിന്നുള്ള സംരക്ഷണം | c. വിദ്യാഭ്യാസത്തിനുള്ള അവകാശം |

***

## അധ്യായം 12

# സമാധാനവും സുരക്ഷിതത്വവും അന്തർദേശീയ സംഘടനകളിലൂടെ

ലോകത്തിന്റെ വിവിധ കോണുകളിൽ മാനവരാശിക്ക് നേരിടേണ്ടിവരുന്ന വെല്ലുവിളികളും അവ നേരിടുന്നതിനും പ്രതിരോധിക്കുന്നതിനുമുള്ള ശ്രമങ്ങളുടെ ഭാഗമായി രാജ്യങ്ങളിൽ ഉയർന്നു വന്ന കൂട്ടായ്മകൾ, അത്തരം കൂട്ടായമകളിലൂടെ രൂപപ്പെടുന്ന അന്തർദേശീയ സംഘടനകൾ എന്നി വയെക്കുറിച്ച് മനസ്സിലാക്കുന്നതിനും ലോകത്തെല്ലായിടത്തുമുള്ള പ്രശ്നങ്ങളെ മാനവരാശിയുടെ പൊതുപ്രശ്നമായി കരുതി ചിന്തിക്കുവാനും പ്രവർത്തിക്കുവാനും കുട്ടിയെ പ്രാപ്തനാക്കുക എന്നത് ഈ യൂണിറ്റിലൂടെ ലക്ഷ്യമിടുന്നു.

### പാഠഭാഗം ചുരുക്കത്തിൽ

- സർവ്വരാഷ്ട്ര സഖ്യം, ഐക്യരാഷ്ട്ര സഭ എന്നിവയുടെ രൂപീകരണം, ഘടന, ലക്ഷ്യങ്ങൾ, വിവിധ ഏജൻസികൾ.
- ലോകസമാധാനത്തിനും സഹവർത്തിത്വത്തിനുമായി UN നടത്തിയ സമീപകാല ഉദ്യമങ്ങൾ, ചേരിചേരാ പ്രസ്ഥാനം - രൂപീകരണ ലക്ഷ്യങ്ങൾ.
- രാഷ്ട്രാന്തര സഖ്യങ്ങൾ - WTO, GATT, ദോഹറൗണ്ട്, ഉറുഗ്വേറൗണ്ട്, യൂറോപ്യൻ യൂണിയൻ, സാർക്ക്, ആസിയാൻ ....., ഉച്ചക്കോടികൾ.

---

1. ഐക്യരാഷ്ട്രസംഘടനയുടെ ലക്ഷ്യങ്ങൾ ഏവ? (ഏതെങ്കിലും 4 എണ്ണം) (സ്കോർ 4)

**ഉത്തരസൂചിക**

- ലോകസമാധാനം സുരക്ഷിതത്വം ഉറപ്പ് വരുത്തുക
- ഭാവിതലമുറയെ യുദ്ധഭീതിയിൽ നിന്ന് രക്ഷിക്കുക
- അയൽരാജ്യങ്ങൾ തമ്മിൽ സഹിഷ്ണുത, സമാധാനം എന്നിവയിലധിഷ്ഠിതമായ ബന്ധം
- ലോകജനതയുടെ പൊതുതാല്പര്യത്തിനല്ലാതെ സായുധസേനയെ ഉപയോഗിക്കില്ല.

2. ഐക്യരാഷ്ട്രസംഘടനയുടെ പ്രധാന ഘടകങ്ങൾ ഏതൊക്കെയെന്ന് കണ്ടെത്തുക? (സ്കോർ 3)

**ഉത്തരസൂചിക**

- പൊതുസഭ
- സുരക്ഷാസമിതി
- സെക്രട്ടറിയേറ്റ്
- സാമ്പത്തിക-സാമൂഹിക കൗൺസിൽ
- ട്രസ്റ്റീഷിപ്പ് കൗൺസിൽ
- അന്താരാഷ്ട്ര നീതിന്യായ കോടതി

3. ഐക്യരാഷ്ട്രസംഘടനയുടെ പരിമിതികൾ കണ്ടെത്തി വിലയിരുത്തുക (ഏതെങ്കിലും മൂന്നെണ്ണം) (സ്കോർ 3)

**ഉത്തരസൂചിക**

- സുരക്ഷാവെല്ലുവിളികൾ (വർഗ്ഗീയ-വംശീയ കലാപങ്ങൾ, ഭീകരപ്രവർത്തനം, കാലാവസ്ഥാവ്യതിയാനം തുടങ്ങിയവ)
- കാര്യക്ഷമതയുള്ള ഉദ്യോഗസ്ഥവൃന്ദത്തിന്റെ അഭാവം
- സമ്പത്തിന്റെ ലഭ്യതക്കുറവ്

4. ഐക്യരാഷ്ട്രസംഘടനയുടെ സുപ്രധാന ഘടകമായ സുരക്ഷാ സമിതിയിലേക്ക് ഇന്ത്യക്ക് സ്ഥിരാംഗത്വം നൽകണമെന്ന വാദം പ്രബലമാണ്. ഈ കാഴ്ചപ്പാടിനോടുള്ള നിങ്ങളുടെ പ്രതികരണമെന്ത്? സമർത്ഥിക്കുക (സ്കോർ 3)

**ഉത്തരസൂചിക**

- ഇന്ത്യ താല്ക്കാലികാംഗമായി സേവനമനുഷ്ഠിച്ചിട്ടുണ്ട് - ആവശ്യം ന്യായമാണ്.
- ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യരാജ്യം, ജനസംഖ്യയിൽ രണ്ടാംസ്ഥാനം, നിരായുധീകരണം, മനുഷ്യാവകാശങ്ങൾ എന്നിവയിലുള്ള നിലപാടുകൾ

5. ചുവടെ നൽകിയിട്ടുള്ള സംഭവങ്ങൾ മുൻഗണനാക്രമത്തിലെഴുതുക (സ്കോർ 5)

**ഉത്തരസൂചിക**

ഐക്യരാഷ്ട്ര സംഘടന, മോസ്കോ കോൺഫറൻസ്, വാഷിംഗ്ടൺ സമ്മേളനം, അറ്റ്ലാന്റിക്ക് ചാർട്ടർ, ഡംബർട്ടൺ ഓക്സ് സമ്മേളനം

6. ചേരിചേരാ പ്രസ്ഥാനം മുന്നോട്ടുവെച്ച പ്രധാന ലക്ഷ്യങ്ങളേവ? (സ്കോർ 3)

**ഉത്തരസൂചിക**

- അന്തർദേശീയ ബന്ധങ്ങളിൽ സ്വതന്ത്രനിലപാട്
- സമാധാനത്തിലും സഹവർത്തിത്വത്തിലും അധിഷ്ഠിതമായ വിദേശനയം
- വർണ്ണം-വംശവിവേചനങ്ങൾക്കെതിരെ

7. ലോകസമാധാനവും സുരക്ഷിതത്വവും ഉറപ്പുവരുത്തുന്നതിന് വേണ്ടി രൂപീകരിക്കപ്പെട്ട അന്താരാഷ്ട്ര ഗവൺമെന്റേതര സംഘടനകൾ ഏതൊക്കെയെന്ന് കണ്ടെത്തുക.

**ഉത്തരസൂചിക**

- ഗ്രീൻപീസ്, ലോബയാൻ, ചിപ്കോ പ്രസ്ഥാനം, ആംനസ്റ്റി ഇന്റർനാഷണൽ, ഇന്റർനാഷണൽ കമ്മിറ്റി ഓഫ് റെഡ് ക്രോസ്, ഗ്രീൻബെൽറ്റ് പ്രസ്ഥാനം, ലോകസോഷ്യൽ ഫോറം.

8. 'സമാധാനം എന്നത് യുദ്ധമില്ലാത്ത അവസ്ഥ മാത്രമല്ല, മനുഷ്യരാശിയുടെ സ്വസ്ഥതയും പുരോഗതിയും കൂടിയാണ്.' കാലാവസ്ഥാ വ്യതിയാനം, ഭീകരപ്രവർത്തനങ്ങൾ, പകർച്ചാവ്യാധികൾ, ദാരിദ്ര്യം തുടങ്ങി വർത്തമാനകാലത്ത് മനുഷ്യരാശി നേരിടുന്ന പ്രശ്നങ്ങളുടെ അടിസ്ഥാനത്തിൽ മുകളിൽ നൽകിയിരിക്കുന്ന പ്രസ്താവന വിലയിരുത്തുക (സ്കോർ 3)

**ഉത്തരസൂചിക**

ദാരിദ്ര്യം, തൊഴിലില്ലായ്മ, ആരോഗ്യ-പാർപ്പിട പ്രശ്നങ്ങൾ, ഭീകരപ്രവർത്തനങ്ങൾ, പ്രകൃതിദുരന്തങ്ങൾ, പരിസ്ഥിതി പ്രശ്നങ്ങൾ, കുടിയൊഴിപ്പിക്കൽ എന്നിവ മാനവരാശിയുടെ സമാധാനവും സുരക്ഷയുമായി ബന്ധപ്പെട്ട പ്രശ്നങ്ങളാണെന്ന വിലയിരുത്തലിന്.

9. ‘ലോകസമാധാനവും സുരക്ഷിതത്വവും പരിപാലിക്കാൻ വേണ്ടിവരുന്ന നയപരമായ തീരുമാനങ്ങളെടുക്കുന്നതിനുള്ള അധികാരം സുരക്ഷാസമിതിക്കാണ്’ സുരക്ഷാ സമിതിയുടെ ഘടന ജനാധിപത്യപരമാണെന്ന് നിങ്ങൾ കരുതുന്നുണ്ടോ? ഉത്തരം സമർത്ഥിക്കുക.

**ഉത്തരസൂചിക**

- സുരക്ഷാസമിതിയുടെ ഘടന സൂചിപ്പിക്കുന്നതിന്
- വീറ്റോ അധികാരം ജനാധിപത്യപരമോ എന്ന് സമർത്ഥിക്കുന്നതിന്.

***